24

# ദാവീദിന്റെ ജീവിതം അവൻ താറുമാറാക്കിയപ്പോൾ അവനു ആവശ്യമായത്

## 2 ശമുവേൽ 11; 12

ദാവീദിന്റെ നേട്ടങ്ങളെക്കുറിച്ചായിരുന്നു നാം പഠിച്ചുകൊണ്ടിരുന്നത്, എന്നാൽ ഇപ്പോൾ നമുക്ക് ആ പഠനവിഷയത്തെ മാറ്റാം. ഈ പാഠം ദാവീദിന്റെ വിജയങ്ങളെക്കുറിച്ചുള്ളതല്ല, എന്നാൽ അവന്റെ ദുരന്തങ്ങളെക്കുറിച്ചാണ്; അവന്റെ നേട്ടങ്ങളുടെ മഹത്വത്തെക്കുറിച്ചല്ല, മറിച്ചു അവന്റെ ജീവിതത്തിലെ ഇരുണ്ട ദിനങ്ങളെക്കുറിച്ചാണ്. "അവന്റെ ജീവിതം താറുമാറാക്കിയപ്പോൾ ദാവീദിനു എന്തായിരുന്നു ആവശ്യം."[1] അതു ഭംഗിയുള്ള ഒരു തലവാചകമല്ല, എന്നാൽ അതിൽകൂടെ നമുക്കെല്ലാവർക്കും മനസ്സിലാക്കുവാൻ സാധിക്കും.

### വലിയ രീതിയിൽ തന്നെ ദാവീദ് തന്റെ ജീവിതം താറുമാറാക്കി (2 ശമുവേൽ 11)

ദാവീദ് തന്റെ ജീവിതം താറുമാറാക്കി എന്നത് ഞാൻ നിങ്ങൾക്കു തെളിയിക്കേണ്ടതില്ല. അത് നമുക്ക് നന്നായി അറിയാവുന്ന ഒരു കഥയാണ്.

#### പാപം

ദാവീദ് അമ്മോന്യരും സിറിയക്കാരുമായി യുദ്ധം ചെയ്തിരുന്നു. സിറിയക്കാരെ പരാജയപ്പെടുത്തുകയും, അമ്മോന്യരെ അവരുടെ പട്ടണമായ രബ്ബയിലേക്കു തിരിച്ചു ഓടിക്കുകയും ചെയ്തിരുന്നു. അമ്മോന്യ സൈന്യത്തെ രബ്ബായിൽ തടഞ്ഞുവച്ചിരുന്നു. രണ്ടു ശമുവേൽ 11 തുടങ്ങുന്നു: "പിറ്റെ ആണ്ടിൽ, രാജാക്കന്മാർ യുദ്ധത്തിന്നു പുറപ്പെടും കാലം [യാത്ര വീണ്ടും സാധ്യമായപ്പോൾ], ദാവീദ് യോവാബിനെയും അവനോടുകൂടെ തന്റെ ചേവകരെയും എല്ലാ യിസ്രായേലിനെയും അയച്ചു, അവർ ... രബ്ബാ പട്ടണം നിരോധിച്ചു." പിന്നെ നമുക്കുള്ള ദുരന്തകരമായ പ്രസ്താവന: "ദാവീദോ യെരുശലേമിൽ തന്നെ താമസിച്ചിരുന്നു" (വാ. 1).[2] വെല്ല്യമ്മ എപ്പോഴും പറയാറുള്ള ചൊല്ലാണ്: "വെറുതെ ഇരിക്കുന്ന കൈകൾ പിശാചിന്റെ പണിശാലയാണ്."

വസന്തകാലത്തിലെ ഉത്സാഹമില്ലാത്ത ഒരു വൈകുന്നേരം,[3] രബ്ബയിൽ

അവന്റെ ആളുകൾ യുദ്ധം ചെയ്തു മരിച്ചുകൊണ്ടിരിക്കുമ്പോൾ, ദാവീദ് തന്റെ അരമനയുടെ മുകളിൽ ഉലാവിക്കൊണ്ടിരുന്നു.[4] "അവൻ മാളികയിൽ ഉലാവിക്കൊണ്ടിരുന്നപ്പോൾ ഒരു സ്ത്രീ കുളിക്കുന്നതു കണ്ടു; ആ സ്ത്രീ അതിസുന്ദരിയായിരുന്നു" (11:2). ഈ രംഗത്തിൽ ആരെയാണ് കൂടുതൽ കുറ്റപ്പെടുത്തേണ്ടത്[5] എന്നതിനെ കുറിച്ചു നമുക്ക് പരിഗണിക്കുവാൻ ധാരാളം കാര്യങ്ങൾ ഉണ്ട്-എന്നാൽ വിശദാംശങ്ങൾ നമുക്ക് അറിയില്ല,[6] ഊഹിക്കുവാനും മതിയായ രേഖകൾ ഇല്ല. ഒരു കാര്യം നമുക്ക് അറിയാം: ദാവീദ് പരീക്ഷിക്കപ്പെട്ടപ്പോൾ, അവനു ഉടനെ അവിടെ നിന്നു മാറാമായിരുന്നു. "ദുർന്നടപ്പു *വിട്ടോടുവിൻ,*" എന്നു പൗലൊസ് പറഞ്ഞിരിക്കുന്നു (1 കൊരിന്ത്യർ 6:18; എംഫസിസ് മൈൻ). പകരം, ദാവീദ് തന്റെ ഹൃദയത്തിലുള്ള മോഹത്തെ വളരുവാൻ അനുവദിച്ചു - അതു എപ്പോഴും നമ്മെ ആത്മീയ മരണത്തിലേക്കു നയിക്കുമെന്നാണ് യാക്കൊബ് പറഞ്ഞിരിക്കുന്നത് (യാക്കൊബ് 1:14, 15).

ദാവീദ് സ്ത്രീയെക്കുറിച്ചു അന്വേഷിക്കുകയും അവൾ ഹിത്യനായ ഊരിയാവിന്റെ ഭാര്യ, ബത്ത്-ശേബയാണെന്നു കണ്ടെത്തുകയും ചെയ്തു. യിസ്രായേലുമായി അടുത്ത ബന്ധമുള്ളവരാണ് ഹിത്യർ എന്നു ആ ദേശത്തിന്റെ ചരിത്രം വ്യക്തമാക്കുന്നു (ഉല്പത്തി 23:1-20; 25:9; സംഖ്യാപുസ്തകം 13:29; യോശുവ 9:1, 2; 11:3; ന്യായാധിപന്മാർ 3:5, 6; 1 ശമുവേൽ 26:6). ഊരീയാവു ജനനം കൊണ്ടു യിസ്രായേല്യനായിരുന്നില്ല, എന്നാൽ അവന്റെ പേരിന്റെയർത്ഥമായ "യഹോവ എന്റെ വെളിച്ചം ആകുന്നു" എന്നതു സൂചിപ്പിക്കുന്നതു അവനോ അവന്റെ മാതാപിതാക്കളോ യെഹൂദമതം സ്വീകരിച്ചിരുന്നു എന്നാണ്. 2 ശമുവേൽ 23-ൽ ദാവീദിന്റെ "വീരന്മാരുടെ" പേരുവിവരം പറയുന്നതു പരിശോധിക്കുക; ഊരീയാവിന്റെ പേർ അവിടെയുണ്ട് (2 ശമുവേൽ 23:39, കൂടാതെ നോക്കുക 1 ദിനവൃത്താന്തം 11:41). ഹിത്യനായ ഊരീയാവു ദാവീദിന്റെ പഴയ വിശ്വസ്ത സ്നേഹിതന്മാരിൽ ഒരാളും, പ്രഗത്ഭനായ യോദ്ധാവും, ദാവീദിനുവേണ്ടി കഴിഞ്ഞ കാലങ്ങളിൽ തന്റെ ജീവൻ പോലും സാഹസത്തിലാക്കിയവനുമായിരുന്നു. എന്നാൽ, അവയൊന്നും, ദാവീദിന്റെ മോഹത്തെ ശമിപ്പിച്ചില്ല. അവൻ ദൈവത്തിന്റെ പ്രതിനിധിയായി പെരുമാറുന്നതിനുപകരം, അന്നത്തെ ശക്തനായ ഒരു വലിയ രാജാവിനെ പോലെയാണ് പ്രവർത്തിച്ചത്. അവൻ ബത്ത്-ശേബയെ വരുത്തി, അവളുമായി വ്യഭിചാരം ചെയ്തശേഷം, അവളെ പറഞ്ഞയച്ചു.[7]

അധികം കഴിയുന്നതിനുമുമ്പു തന്നെ ബത്ത്-ശേബ "ഗർഭിണി" (കെജെവിയിലെ പദപ്രയോഗത്തിൽ) ആയ വിവരം അവൾ ദാവീദിനെ അറിയിച്ചു. ഇപ്പോൾ ദാവീദിനു തന്റെ പാപം അംഗീകരിച്ചു അതിന്റെ അനന്തരഫലം സ്വീകരിക്കേണ്ട സമയമായി. അതിനു പകരം, തന്റെ പാപത്തെ മൂടിവയ്ക്കുവാനായിരുന്നു അവൻ പരിശ്രമിച്ചത്. യുദ്ധക്കളത്തിലെ സൈന്യാധിപന്നു, അവൻ ആളയച്ചു, ഊരിയാവിനെ, വീട്ടിലേക്ക് അയക്കുവാൻ ആവശ്യപ്പെട്ടു.

അടുത്ത ഏഴു വാക്യങ്ങൾ ഊരീയാവിന്റെ ആത്മാർത്ഥതക്കും ഭക്തിക്കും ദാവീദിന്റെ വഞ്ചനക്കും ഭക്തിരാഹിത്യത്തിനുമിടയിലുള്ളവ്യത്യാസത്തെ താരതമ്യപ്പെടുത്തി കാണിച്ചിരിക്കുന്നു. ഊരീയാവു കൊട്ടാരത്തിൽ എത്തിയത്, അപ്പോഴും നടന്നുകൊണ്ടിരുന്ന യുദ്ധത്താൽ, ക്ഷീണിതനും പ്രാകൃതനുമായാണ്. അവനെ വരുത്തിയതിനുള്ള ദാവീദിന്റെ ഒഴികഴിവ് യുദ്ധത്തെ കുറിച്ചുള്ള വിശദവിവരങ്ങൾ അറിയുന്നതിനാണെന്നാണ്. കാര്യങ്ങൾ വഴിതിരിച്ചു വിടുവാനായി, ദാവീദ് പടയാളിയോടു പറഞ്ഞു, "നീ വീട്ടിൽ ചെന്നു, കാലു

കളെ കഴുകുക" (11:8). മറ്റൊരു വാക്കിൽ പറഞ്ഞാൽ, "നിനക്കു വിശ്രമത്തിനും വിനോദത്തിനും അവസരം ലഭിച്ചിരിക്കുന്നു. നീ വീട്ടിൽ പോയി, നിന്റെ ചെരുപ്പ് അഴിച്ചു, ശരീരം വൃത്തിയാക്കി, വീട്ടിലെ ഭക്ഷണം സമയാസമയങ്ങളിൽ കഴിച്ച്, ആശ്വസിക്കുകയും, നിന്റെ ഭാര്യയുമായി കുറെ സമയം ആസ്വദിക്കുകയും ചെയ്യുക." ഊരീയാവ് അതിനെ കണക്കാക്കിയില്ലെങ്കിൽ, അതു അവന്റെ കുഞ്ഞായിരിക്കുമെന്നു കരുതിക്കൊള്ളുമെന്നു ദാവീദ് വിചാരിച്ചു. ഊരീയാവു സിംഹാസനമുറി വിട്ടു പോയ ഉടനെ, അവൻ വീട്ടിലേക്കു പോകുന്നതിനുള്ള പ്രചോദനത്തിനായി, ഒരു പാരിതോഷികം കൂടെ ദാവീദ് അവന്നു കൊടുത്തയച്ചു.[8]

എങ്ങനെയായാലും, ഊരീയാവിന്റെ ജോലിയോടുള്ള ഉത്തരവാദിത്വത്തെ ദാവീദ് മനസിലാക്കിയില്ല. ഊരീയാവിന്റെ വീട് ഏതാനും ചുവടുകൾക്കപ്പുറം മാത്രമായിരുന്നു,[9] എന്നിട്ടും അവൻ തന്റെ വീട്ടിലേക്കു പോയില്ല. പകരം, യുദ്ധ തയ്യാറെടുപ്പോടെ, അവൻ "രാജാവിന്റെ സകല ഭൃത്യന്മാരോടുകൂടെ രാജധാനിയുടെ വാതിൽക്കൽ കിടന്നുറങ്ങി" (11:9)! ഊരീയാവു വീട്ടിൽ പോയില്ല എന്നതു, ദാവീദിനെ അറിയിച്ചപ്പോൾ അവൻ അതിശയിച്ചുപോയി. അവൻ ഊരീയാവിനെ സ്വയമായി വിധിച്ചു; ബത്ത്-ശേബയിൽ നിന്നു ഒരാൾക്ക് വിട്ടുനില്ക്കുവാൻ എങ്ങനെ സാധിക്കുന്നു എന്ന് അവനു ഊഹിക്കുവാൻ കഴിഞ്ഞില്ല. അവൻ ആ വീരയോദ്ധാവിനെ വിളിപ്പിച്ചു ചോദിച്ചു, "നീ യാത്രയിൽ നിന്നു വന്നവനല്ലയോ? നിന്റെ വീട്ടിൽ പോകാതെ ഇരുന്നതു എന്തു?" (11:10). ദാവീദിന്റെ വീരന്മാരുടെ കറതീർന്ന രാജഭക്തി കാണിക്കുന്നതായിരുന്നു ഊരീയാവിന്റെ മറുപടി:

> പെട്ടകവും[10] യിസ്രായേലും യെഹൂദയും കൂടാരങ്ങളിൽ വസിക്കുന്നു, എന്റെ യജമാനനായ യോവാബും യജമാനന്റെ ഭൃത്യന്മാരും വെളിമ്പ്രദേശത്തു പാളയമിറങ്ങിക്കിടക്കുന്നു. അങ്ങനെയിരിക്കെ ഞാൻ ഭക്ഷിപ്പാനും കുടിപ്പാനും എന്റെ ഭാര്യയോടുകൂടെ ശയിപ്പാനും എന്റെ വീട്ടിൽ കടക്കുമോ? നിന്നാണ, നിന്റെ ജീവനാണ അതു ഞാൻ ചെയ്കയില്ല (11:11).

ഊരീയാവു ദൈവത്തിന്റെ നിയമപെട്ടകത്തോടുള്ള തന്റെ ബഹുമാനത്തെ കുറിച്ചും, തന്റെ സൈന്യാധിപനോടും സൈന്യത്തോടും ഉള്ള കരുതലിനെ കുറിച്ചും, അവന്റെ സഹഭടന്മാർ പൊള്ളുന്ന ചൂടിൽ യുദ്ധം ചെയ്തു പാളയത്തിൽ കിടന്നുറങ്ങുമ്പോൾ അവനു സ്വയം സന്തോഷിക്കുവാനുള്ള വൈമുഖ്യത്തെ കുറിച്ചും സംസാരിച്ചപ്പോൾ – ദാവീദിൽ മാറ്റമുണ്ടാകാത്തത് എന്താണെന്ന് എനിക്കു ഊഹിക്കുവാനേ കഴിയുന്നില്ല. എങ്ങനെയായാലും, സ്പഷ്ടമായും, ദാവീദ് കേട്ടത് ഇതുമാത്രമായിരുന്നു "അപ്പോൾ പിന്നെ ഞാൻ വീട്ടിൽ പോയി എന്റെ ഭാര്യയോടുകൂടെ ശയിക്കുമോ? ഞാൻ പോകുകയില്ല."

ദാവീദിന്റെ പുരികത്തിൽ വിയർപ്പുതുള്ളികൾ പൊടിയുന്നതു എനിക്കു കാണാം. അവന്റെ ചിന്തകൾ എനിക്കു കേൾക്കാം: "ഇനി ഞാൻ എന്തു ചെയ്യും?" ബി എന്ന തന്റെ അടുത്ത പദ്ധതി തയ്യാറാക്കേണ്ടതിന്, അവൻ ഊരീയാവിനോട് യെരുശലേമിൽ കുറച്ചു ദിവസം കൂടെ തങ്ങുവാൻ ആവശ്യപ്പെട്ടു. പ്ളാൻ ബി പ്ളാൻ സിയിലേക്കു തിരിഞ്ഞു: അതു മദ്യപിപ്പിക്കുവാനുള്ള പദ്ധതിയാണ്. ഊരിയാവു മദ്യപിച്ചു കഴിഞ്ഞാൽ, തന്റെ ധാർമ്മികമൂല്യത്തെ മറന്നു ഭാര്യയുടെ അടുക്കൽ പോയി ശയിക്കുമെന്നു ദാവീദ് ഉറപ്പിച്ചു.

ആ രാത്രി ദാവീദ് ഊരീയാവിനെ ഭക്ഷണത്തിനു ക്ഷണിച്ചു. ആ ഭക്ഷണം അത്യുന്നതനായ ദൈവത്തിന്റെ ദാസനേക്കാൾ ബാക്കൂസിനെ നമസ്ക്കരിക്കുന്നവന് യോജിച്ചതായിരുന്നു. ദാവീദ് നിർബന്ധിച്ച് ഊരിയാവിനു ഭക്ഷണവും പാനിയവും നല്കി. വീണ്ടും തന്റെ ഭൃത്യന്റെ വിശ്വാസത്തെ ദാവീദ് വിലകുറച്ചു കണ്ടു. മദ്യപിക്കുമ്പോൾ ഊരിയാവ് ദാവീദിനേക്കാൾ നല്ല ബോധമുള്ളവനായിട്ടാണ് കാണപ്പെട്ടത്. എന്നിട്ടും ഊരീയാവു "വീട്ടിലേക്കു പോയില്ല" (11:13), അവൻ രാജധാനിയുടെ വാതിൽക്കൽ കിടന്നുറങ്ങി.

ഒരാൾ പാപത്തെ മറച്ചുപിടിക്കുവാൻ ശ്രമിച്ചാൽ, അതിൽ നിന്നു പുറത്തുകടക്കാൻ വഴി ഉണ്ടാവില്ല. നമ്മുടെ കഴിഞ്ഞ പാഠത്തിൽ നാം ശ്രദ്ധിച്ചു "ദാവീദ് തന്റെ സകല ജനത്തിനും ന്യായവും നീതിയും നടപ്പാക്കി" (2 ശമുവേൽ 8:15). ഇപ്പോൾ, അവന്റെ ജീവിതത്തിൽ പാപം കടന്നുവന്നതു കൊണ്ട്, ആ ന്യായവും നീതിയും നടപ്പാക്കിയ ന്യായാധിപൻ ഒരു നിരപരാധിയെ കൊല്ലുവാനുള്ള വിധി പ്രസ്താവിച്ചു. ദാവീദ് യോവാബിന്നു ഒരു എഴുത്തു എഴുതി ഊരീയാവിന്റെ കയ്യിൽ കൊടുത്തയച്ചു, ആ എഴുത്തിൽ ഇങ്ങനെ പറയുന്നു "പട കഠിനമായിരിക്കുന്നേടത്തു ഊരീയാവെ മുന്നണിയിൽ നിർത്തി, അവൻ വെട്ടുകൊണ്ടു മരിക്കത്തക്കവണ്ണം അവനെ വിട്ടു പിൻമാറുവിൻ" (11:15). "ഊരീയാവിന്റെ കയ്യിൽ" തന്നെ ആ എഴുത്തു കൊടുത്തയച്ചു എന്നതു അപ്രതീക്ഷിതമാണ് (11:14); താൻ ശിക്ഷ വിധിച്ചിരിക്കുന്ന മനുഷ്യൻ ആ കത്ത് തുറന്നു നോക്കുകയില്ലെന്ന കാര്യത്തിൽ ദാവീദ് അവനെ വിശ്വസിച്ചിരുന്നു. ആത്മഹത്യക്കുള്ള ദൗത്യം ദാവീദ് ഏല്പിച്ചാൽ പോലും, അതു അവൻ ചെയ്യുവാൻ മടിക്കുകയില്ലെന്ന് അറിയാമായിരുന്നതു കൊണ്ട് ദാവീദ് അവനെ ബഹുമാനിച്ചിരുന്നു എന്നതും വിശ്വസിക്കുവാൻ പ്രയാസമാണ്.

> ഒരിക്കൽകൂടെ യോവാബിനു ദാവീദിനോടുണ്ടായിരുന്ന ചോദ്യം ചെയ്യുവാനാകാത്ത രാജഭക്തി കാണാം. ആ എഴുത്തിലെ രാജാവിന്റെ ആഗ്രഹം അവൻ നിറവേറ്റി. അവൻ ഊരീയാവിനെ മുൻ നിരയിൽ നിർത്തി പട്ടണത്തെ ആക്രമിച്ചു. അമ്മോന്യർ അവരോടു യുദ്ധത്തിനായി വന്നു, എന്നാൽ യിസ്രായേല്യർ അവരെ പട്ടണ വാതില്ക്കലേക്കു തിരിച്ചു ഓടിച്ചു. അവിടെ അവർ അമ്മോന്യരുടെ വില്ലാളിവീരന്മാരുടെ മിന്നുന്ന വാളുകളെയും മതിലിന്മേൽ[11] നിന്ന് എയ്യുന്നവരെയും നേരിടേണ്ടി വന്നു. "പടവെട്ടിയപ്പോൾ ദാവീദിന്റെ ചേവകരായ പടജ്ജനത്തിൽ ചിലർ പട്ടുപോയി; ഹിത്യനായ ഊരീയാവും മരിച്ചു" (11:17). ദാവീദ് തന്റെ പാപം മനപ്പൂർവ്വം മറെക്കുവാൻ പരിശ്രമിച്ചപ്പോൾ ഊരീയാവിനെകൂടാതെ മറ്റു നിരപരാധികളും മരിച്ചു എന്നതു ശ്രദ്ധിക്കുക. പഴയ നിയമത്തിന്റെ ആദ്യ ഗ്രീക്ക് വേർഷൻ പറയുന്നതനുസരിച്ചു, മറ്റു പതിനെട്ടു പേർ കൂടെ മരിച്ചു. ഒരു കാരണവും ഇല്ലാതെ പത്തൊമ്പതു കുടുംബങ്ങൾക്ക് ഒരു മകൻ, ഒരു സഹോദരൻ, ഒരു ഭർത്താവ്/അല്ലെങ്കിൽ ഒരു പിതാവ് നഷ്ടപ്പെട്ടു, അതു ദാവീദിന്റെ മോഹപ്രവൃത്തി ഒളിച്ചുവയ്ക്കുവാൻ വേണ്ടി മാത്രമായിരുന്നു.

യോവാബ് തന്റെ വിവരം ദാവീദിനെ അറിയിച്ചപ്പോൾ, അവന്റെ വാക്കുകളിൽ പുച്ഛം അടങ്ങിയിരുന്നു. സന്ദേശവാഹകനോടു, ചുരുക്കമായി അവൻ പറഞ്ഞത്, "പലരുടേയും ജീവൻ അപഹരിക്കപ്പെടുവാൻ കാരണമാക്കിയ തന്റെ തെറ്റായ ന്യായവിധി രാജാവിനെ വ്യസനിപ്പിച്ചാൽ,[12] ഇതു കൂടി പറയുവാൻ

മറക്കരുത്, 'നിന്റെ ഭൃത്യൻ ഹിത്യനായ ഊരീയാവും മരിച്ചു'" (11:20, 21).

യോവാബ് പറഞ്ഞയച്ചതുപോലെ സന്ദേശവാഹകൻ ചെയ്തു, അവന്റെ റിപ്പോർട്ട് അവസാനിപ്പിക്കുന്നതു "രാജാവിന്റെ ചേവകരിൽ ചിലർ പട്ടുപോയി, നിന്റെ ഭൃത്യൻ ഹിത്യനായ ഊരീയാവും മരിച്ചു" എന്നാണ് (11:24).

"നീ-ചിലതു-വിജയിക്കും-ചിലതു-പരാജയപ്പെടും" എന്ന ദാവീദിന്റെ ഉത്തരം നമ്മെ വേദനിപ്പിക്കും. എത്ര ആശ്വാസത്തോടെയായിരിക്കും അവൻ ദൂതനോടു കപടനാട്യത്തോടെ ഇങ്ങനെ മറുപടി പറഞ്ഞത്, "നീ യോവാബിനോടു പറയണം, 'ഈ കാര്യത്തിൽ വ്യസനം തോന്നരുത്, വാൾ അങ്ങും ഇങ്ങും നാശം ചെയ്യും'" (11:25).

ഊരീയാവു മരിച്ചു എന്നു ബത്ത്-ശേബ കേട്ടപ്പോൾ, അവൾ തന്റെ ഭർത്താവിനെ ഓർത്തു കരഞ്ഞു.[13] വിലാപകാലം കഴിഞ്ഞപ്പോൾ (ഒരുപക്ഷെ ഏഴു ദിവസം ആയിരിക്കാം; നോക്കുക ഉല്പത്തി 50:10; 1 ശമുവേൽ 31:13), ദാവീദ് ആളയച്ചു അവളെ അരമനയിൽ വരുത്തി അവൾ അവന്റെ ഭാര്യയായി – അവന്റെ ഭാര്യമാരിൽ ഒരാളായി. മാസങ്ങൾക്കു ശേഷം, ബത്ത്-ശേബക്കു ആരോഗ്യവാനായ ഒരു കുഞ്ഞ് ജനിച്ചു. ദാവീദിന്റെ കാതുകളിൽ കൃതജ്ഞതയുടെ ധ്വനി മുഴങ്ങിയപ്പോൾ, അവന്റെ മൂടി-വെപ്പ് വിജയിച്ചു എന്നവൻ കരുതിക്കാണും. അവന്റെ ഈ വിവേകശൂന്യമായ പ്രവൃത്തി ആരും ഒരിക്കലും അറിഞ്ഞില്ല എന്നു വരുമോ. ആരും? കൊട്ടാരത്തിലെ എല്ലാവരും അറിഞ്ഞു. അവന്റെ ഭൃത്യന്മാർ അറിഞ്ഞു. അവന്റെ മക്കൾ അറിഞ്ഞു. യോവാബ് അറിഞ്ഞു. മറ്റുള്ളവരും അറിഞ്ഞു.[14] ഏറ്റവും മുഖ്യമായി, ദൈവം അറിഞ്ഞു – ദാവീദും അറിഞ്ഞു.

ദിവസങ്ങൾകൊണ്ട്, ദൈവവുമായി അടുത്ത കൂട്ടായ്മയിലായിരുന്ന, ദാവീദ്, പത്തുകല്പനകളിൽ[15] 40 ശതമാനവും ലംഘിക്കയുണ്ടായി: "നിന്റെ കൂട്ടുകാരന്റെ ... ഭാര്യയെ മോഹിക്കരുത്"; "നീ വ്യഭിചാരം ചെയ്യരുത്"; "നീ കൂട്ടുകാരന്റെ നേരെ കള്ളസാക്ഷ്യം പറയരുത്"; "നീ കുല ചെയ്യരുത്" (പുറപ്പാട് 20:17, 14, 16, 13). ദൈവഭയമുള്ള ഒരു ന്യായാധിപനു ഒരു അന്തിമതീരുമാനത്തിലെത്താൻ രണ്ടു മിനിറ്റു പോലും വേണ്ട: "അവനെ പിടിച്ചു തൂക്കിക്കൊല്ലുക!" ദൈവത്തിന്റെ തീർപ്പു ശ്രദ്ധിക്കുക: "എന്നാൽ ദാവീദ് ചെയ്തതു യഹോവെക്കു അനിഷ്ടമായിരുന്നു" (11:27).

**കഷ്ടത**

ദാവീദിന്റെ പാപത്തിലെ വസ്തുതകൾ വ്യക്തമാണ്. ആ പാപങ്ങളുടെ ഉപശാഖകളും നാം അറിയേണ്ടതുണ്ട്.

തന്റെ മുൻഗാമിയായ ശൗൽ രാജാവ് ചെയ്തതിനേക്കാൾ, എത്ര മോശമായ പാപമാണ് ദാവീദ് ചെയ്തതെന്നു നോക്കുക. ശൗലിനോടു അമാലേക്യരെ മുഴുവൻ ഉൻമൂലനാശം ചെയ്യുവാനാണ് പറഞ്ഞത്, പക്ഷെ അവനു പൂർണ്ണമായി അതു ചെയ്യുവാൻ കഴിഞ്ഞില്ല. ആ കുറ്റത്തിനു, അവനെ രാജസ്ഥാനത്തുനിന്നു നീക്കി കളഞ്ഞു (1 ശമുവേൽ 15:1-23). ശൗലിന്റെ പാപത്തെ ദാവീദിന്റെ കൊടുംപാതകങ്ങളുമായി താരതമ്യം ചെയ്യാവുന്നതല്ല എന്നു, നമ്മുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് മിക്കപേരും സമ്മതിക്കും. ഇവിടെ കണ്ടത് ദൈവവുമായി നടന്ന ഒരാളെയാണ്; ഇപ്പോൾ അവൻ പാപത്തിൽ മുങ്ങി, ആഴത്തിലേക്കിറങ്ങി അകൃത്യത്തിന്റെ അഗാധഗർത്തത്തിൽ വീണു. ശൗലിന്റെ പാപത്തിന്റെ അനന്തരഫലത്തെ നാം പരിഗണിക്കുമ്പോൾ, ദാവീദിന്റെ പാപ

ത്തിന്റെ അനന്തരഫലത്തെ കുറിച്ചു ഓർക്കുവാൻ നാം ഭയപ്പെടും!

അതിലുപരിയായി, പാപം ദാവീദിനെ എങ്ങനെ നശിപ്പിച്ചു എന്നു മനസിലാക്കുക. നിങ്ങൾ 2 ശമുവേലിൽ ഉള്ള രേഖകൾ മാത്രം വായിക്കുകയാണെങ്കിൽ, നിങ്ങൾക്കു ഈ പോയിന്റ് നഷ്ടമായേക്കാം. ദൈവവുമായി അടുത്തു കഴിഞ്ഞിരുന്ന ഒരാളുടെ ഹൃദയത്തിനും ആത്മാവിനും ഈ വൃത്തികെട്ട സംഭവങ്ങളുടെ പരമ്പര ചെയ്തതു ഒന്നു ഊഹിച്ചുനോക്കുക. എങ്ങനെയായാലും, നാം ഊഹിക്കേണ്ട, ആവശ്യമില്ല. സങ്കീർത്തനം 32 നമ്മോടു പറയുന്നു:[16]

> ഞാൻ മിണ്ടാതെയിരുന്നപ്പോൾ,
> നിത്യമായ ഞരക്കത്താൽ
> എന്റെ അസ്ഥികൾ ക്ഷയിച്ചുപോയി.
> രാവും പകലും നിന്റെ കൈ എന്റെമേൽ
> ഭാരമായിരുന്നു;
> എന്റെ മജ്ജ വേനൽക്കാലത്തിലെ ഉഷ്ണത്താൽ
> എന്നപോലെ വറ്റിപ്പോയി (വാ. 3, 4).[17]

അന്നു നിങ്ങൾ ദാവീദിനെ കണ്ടിരുന്നെങ്കിൽ, അവൻ മിക്കവാറും, ഒരുപക്ഷെ അല്പം വിളറിയിരിക്കാം, എന്നാൽ അപ്പോഴും അവൻ സിംഹാസനത്തിൽ തന്നെ ആയിരിക്കയും, തന്റെ രാജകീയ ജോലികൾ നിർവ്വഹിച്ചുകൊണ്ടിരിക്കയും ചെയ്യുന്നതായി കാണാം. എങ്ങനെയായാലും, ഉള്ളിൽ, പാപം അവനെ തകർത്തുകൊണ്ടിരിക്കയായിരുന്നു. പാപം ഭയങ്കരമാണ്!

ഏതാണ്ടു മൂവായിരം വർഷങ്ങൾക്കു മുമ്പു സംഭവിച്ച കാര്യങ്ങളെ നാം മനസിലാക്കേണ്ട പ്രാധാന്യം എന്താണ്? കാരണം ദാവീദ് വീണ അതേ കെണിയിൽ നാമും വീഴുവാനിടയുണ്ട്. കാരണം നമ്മുടെ ജീവിതത്തിലും പാപം പെരുകി, അതു കാരണം നമ്മുടെ ജീവിതത്തിന്റെ ക്രമം തെറ്റാം. പാപം ദാവീദിനെ തകർത്തതു പോലെ നമ്മെയും തകർത്തേക്കാം. കാരണം, അങ്ങനെ സംഭവിക്കുമ്പോൾ, അതിൽനിന്നു പുറത്തുകടക്കുന്നതെങ്ങനെയെന്നു നമ്മളും അറിയേണ്ടതുണ്ട്.

## തന്റെ ജീവിതം തിരിച്ചു ക്രമപ്പെടുത്തേണ്ടതിന് ദാവീദിന് ആവശ്യമായത് (2 ശമുവേൽ 12)

ആളുകൾ അവരുടെ ജീവിതം കുഴപ്പത്തിലാക്കുമ്പോൾ, അവരുടെ ജീവിതം ഒന്നിപ്പിക്കുവാൻ ഞങ്ങൾ അവരോടു ജീവിതം ക്രമപ്പെടുത്തുവാനും, ശരിയായ കാര്യങ്ങൾ ചെയ്യുവാനും പറയാറുണ്ട്. എങ്ങനെയായാലും, മിക്ക സമയത്തും, കാര്യം അത്ര എളുപ്പമല്ല. നമ്മുടെ വേദഭാഗം നിർദ്ദേശിക്കുന്നത് ദാവീദ് തന്റെ ജീവിതം കുഴപ്പത്തിലാക്കിയപ്പോൾ, അവനു ചുരുങ്ങിയതു നാലു കാര്യങ്ങൾ ആവശ്യമായിരുന്നു:

### അവനോടുകൂടെ പൂർണ്ണമായും സത്യസന്ധനായ ഒരാളെ അവനു വേണ്ടിയിരുന്നു

അവനോടൊപ്പം നിൽക്കുന്ന അവന്റെ ഹൃദയത്തെ സ്പർശിക്കത്തക്കവണ്ണം അവനോടു എങ്ങനെ പെരുമാറണം എന്ന് അറിയാവുന്ന ഒരാളുണ്ടായിരുന്നതിൽ, ദാവീദ് അനുഗ്രഹീതനായിരുന്നു. ആ സ്നേഹിതനായിരുന്നു

നാഥാൻ പ്രവാചകൻ.[18]

ദൈവം നാഥാനെ ദാവീദിന്റെ അടുക്കൽ അയച്ചു. ഒരു ഉപമയുടെ രൂപത്തിൽ ദാവീദിന്റെ ഹൃദയത്തിലേക്ക് നാഥാൻ ഒരു കണ്ണാടി ഉയർത്തി:

> ഒരു പട്ടണത്തിൽ രണ്ടു പുരുഷന്മാർ ഉണ്ടായിരുന്നു, ഒരുത്തൻ
> ധനവാൻ മറ്റേവൻ ദരിദ്രൻ.
> ധനവാന്നു ആടുമാടുകൾ അനവധി
> ഉണ്ടായിരുന്നു.
> ദരിദ്രനോ താൻ വിലെക്കു വാങ്ങി വളർത്തിയ
> ഒരു പെൺകുഞ്ഞാടല്ലാതെ
> ഒന്നും ഇല്ലായിരുന്നു;
> അതു അവന്റെ അടുക്കലും അവന്റെ മക്കളുടെ
> അടുക്കലും വളർന്നുവന്നു.
> അതു അവൻ തിന്നുന്നതിൽ ഓഹരി തിന്നുകയും അവൻ കുടിക്കുന്ന
> തിൽ ഓഹരി കുടിക്കയും അവന്റെ മടിയിൽ കിടക്കയും ചെയ്തു,
> അവന്നു ഒരു മകളെപ്പോലെയും ആയിരുന്നു (12:1-3).

(ആ കുഞ്ഞാടു കുട്ടികളോടുകൂടെ കളിക്കുന്നതും, അവരുടെ പാത്രങ്ങളിൽനിന്നു തിന്നുന്നതും കുടിക്കുന്നതും, അവരുടെ കിടക്കക്കരികിൽ കിടക്കുന്നതും എനിക്കു കാണുവാൻ കഴിയും.)

> ധനവാന്റെ അടുക്കൽ ഒരു വഴിയാത്രക്കാരൻ വന്നു,
> തന്റെ അടുക്കൽ വന്ന വഴിപോക്കന്നുവേണ്ടി
> പാകം ചെയ്‌വാൻ,
> സ്വന്ത ആടുമാടുകളിൽ ഒന്നിനെ
> എടുപ്പാൻ മനസ്സാകാതെ;
> അവൻ ആ ദരിദ്രന്റെ കുഞ്ഞാടിനെ പിടിച്ചു
> തന്റെ അടുക്കൽവന്ന ആൾക്കുവേണ്ടി
> പാകം ചെയ്തു (12:4).

ദാവീദിന്റെ വിശ്വാസ പ്രകാരം, അവന്റെ നീതിബോധം അപ്പോഴും ഭയങ്കരമായിരുന്നു. അവൻ കൂടുതൽ കോപിഷ്ടനായി.

> അപ്പോൾ ദാവീദിന്റെ കോപം ആ മനുഷ്യന്റെ നേരെ ഏറ്റവും ജ്വലിച്ചു,[19] അവൻ നാഥാനോടു, "യഹോവയാണ, ഇതു ചെയ്തവൻ മരണയോഗ്യൻ. അവൻ കനിവില്ലാതെ ഈ കാര്യം പ്രവർത്തിച്ചതുകൊണ്ടു, ആ ആടിന്നുവേണ്ടി നാലിരട്ടി[20] പകരം കൊടുക്കേണം എന്നു പറഞ്ഞു"[21] (12:5, 6).

നാഥാൻ പിന്നെ ആ വിധിനിർണ്ണായകവാക്കുകൾ പറഞ്ഞു: "ആ മനുഷ്യൻ നീ തന്നേ!" (12:7).

ബൈബിളിലെ യഥാർത്ഥ സംഭവങ്ങൾ റെക്കോർഡ് ചെയ്ത ഒരു വീഡിയോ കാസെറ്റ് ഉണ്ടായിരുന്നുവെങ്കിൽ, അത് *എങ്ങനെ* സംഭവിച്ചു എന്നു നേരിട്ടു കാണുവാൻ സാധിക്കും എന്നതു അത്ഭുതകരമല്ലേ? ഒരു

പക്ഷെ നാഥാൻ ദാവീദിന്റെ മുമ്പിൽ നിന്നതു ജ്വലിക്കുന്ന പ്രവാചകന്റെ കണ്ണുകളോടും, വിരൽ ചൂണ്ടിക്കൊണ്ടും, ഉച്ചത്തിൽ കുറ്റപ്പെടുത്തിക്കൊണ്ടും ആയിരിക്കാം: "നീ തന്നെ ആ മനുഷ്യൻ!" എങ്ങനെയായാലും, ഞാൻ സൂചിപ്പിക്കുന്നത്, നാഥാനെ കുറിച്ചു ചിന്തിക്കേണ്ടത് മനോവേദനയുള്ള ഒരു സ്നേഹിതൻ, ദാവീദിന്റെ ഹീന പ്രവൃത്തികളിൽ, കണ്ണുനീർ-നിറഞ്ഞ കണ്ണുകളോടെ, ഇടറിയ ശബ്ദത്തോടെ, "ദാവീദേ, ഞാൻ പറയുന്നതു *നിന്നെ*ക്കുറിച്ചാണ്. നിനക്കു എത്രമാത്രമുണ്ടായിരുന്നു ഊരീയാവിനോ വളരെ കുറച്ചു മാത്രം -അവനുണ്ടായിരുന്നതും നീ എടുത്തു, അവന്റെ ഭാര്യയെയും അവന്റെ ജീവനെ പോലും" എന്നു പറയുന്നതായിട്ടാണ്.

എങ്ങനെയായാലും നാഥാൻ അതു ചെയ്തു, ദാവീദിന്റെ ഉള്ളിലെ നന്ദിയില്ലായ്മ തുറന്നു കാണിക്കുന്ന സത്യസന്ധമായ ഒരു സന്ദേശമായിരുന്നു അത്:

> ... യിസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, ഞാൻ നിന്നെ യിസ്രായേലിന്നു രാജാവായിട്ടു അഭിഷേകം ചെയ്തു നിന്നെ ശൗലിന്റെ കയ്യിൽ നിന്നു വിടുവിച്ചു. ഞാൻ നിനക്കു നിന്റെ യജമാനന്റെ ഗൃഹത്തെയും നിന്റെ മാർവ്വിടത്തിലേക്കു നിന്റെ യജമാനന്റെ ഭാര്യമാരെയും തന്നു, യിസ്രായേൽ ഗൃഹത്തെയും യെഹൂദാഗൃഹത്തെയും നിനക്കു തന്നു; പോരായെങ്കിൽ, ഇന്നിന്നതുംകൂടെ ഞാൻ നിനക്കു തരുമായിരുന്നു! നീ യഹോവയുടെ കല്പന നിരസിച്ചു അവന്നു അനിഷ്ടമായുള്ളതു ചെയ്തതു എന്തിന്നു? ... (12:7-9).

ദൈവം ദാവീദിനു എല്ലാം കൊടുത്തിരുന്നു, ഇനി എന്തെങ്കിലും ആവശ്യമുണ്ടായിരുന്നെങ്കിൽ, അതും ദൈവം അവനു നൽകുമായിരുന്നു. എങ്ങനെയായാലും, ദാവീദ് ദൈവത്തിന്റെ അനുഗ്രഹങ്ങളിൽ തൃപ്തനായിരുന്നില്ല, അതുകൊണ്ട് അവൻ മറ്റൊരാളുടേതും മോഷ്ടിച്ചു. അതു കഠിനമായ സന്ദേശമായിരുന്നു എങ്കിലും, അതു സത്യമായിരുന്നു. അതായിരുന്നു ദാവീദിനു ആവശ്യമായിരുന്നത്.

ഇന്നത്തെ മതപരമായ ലോകത്തിൽ, നിങ്ങൾ ആഗ്രഹിക്കുന്ന ഏതു തരത്തിലുള്ള പ്രസംഗവും നിങ്ങൾക്കു കാണാൻ സാധിക്കും. നിങ്ങളുടെ ജീവിതത്തിൽ എല്ലാം നന്നായിരിക്കുന്നു എന്നു പറയുന്ന പ്രസംഗമാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ, നിങ്ങൾക്ക് അതു കാണാൻ സാധിക്കും; എന്നാൽ നിങ്ങളുടെ ജീവിതം പാപം നിമിത്തം കുഴപ്പത്തിലാകുമ്പോൾ, നിങ്ങളുടെ ഞരമ്പുകളെ തണുപ്പിക്കുന്ന പ്രസംഗമല്ല നിങ്ങൾക്കു വേണ്ടത്. നാഥാൻ ദാവീദിന്റെ അടുക്കൽ വന്നു, അവന്റെ തോളിൽ കയ്യിട്ടുകൊണ്ടു, "എനിക്ക് അറിയാം നിനക്കു ദുഃഖമുണ്ടെന്നു, എനിക്കും ദുഖമുണ്ട്" - എന്നിങ്ങനെ അവന്റെ പാപത്തെ ചൂണ്ടികാണിക്കാതെ പറഞ്ഞാലോ? ദാവീദിന്റെ ജീവിതത്തിൽ ആ അവസ്ഥയിൽ അതായിരുന്നില്ല അവനു ആവശ്യം, നിങ്ങളുടേയും ജീവിതത്തിൽ അതല്ല ആവശ്യം. നിങ്ങളുടെ ജീവിതത്തിലെ പാപത്തെ സംബന്ധിച്ചു നിങ്ങളോടു സത്യസന്ധത പുലർത്തുന്ന ഒരാളെയാണ് നിങ്ങൾക്ക് വേണ്ടത് - സ്നേഹത്തോടുകൂടിയുള്ള ആത്മാർത്ഥതയും, എന്നാൽ പൂർണ്ണമായ ആത്മാർത്ഥതയുമാണ് വേണ്ടത്!

ചില മേഖലകളിൽ അതു പരിഷ്കൃതമല്ലായിരിക്കാം, എന്നാൽ ഞാൻ

പാപത്തിനെതിരാണ്. പാപം ഒരു ശത്രുവാണ്. അതു പഴയ-പരിഷ്ക്കാരമായി തോന്നാമെങ്കിലും, മദ്യപാനത്തിനും, മയക്കുമരുന്നിനും, നൃത്തത്തിനും, ചീട്ടുകളിക്കും, ഭ്രൂണഹത്യക്കും, മാന്യമല്ലാത്ത വസ്ത്രധാരണത്തിനും, വചനവിരുദ്ധമായ ഉപേക്ഷണത്തിനും, ഭൗതികവാദത്തിനും, വൈവാഹിക അവിശ്വസ്തതക്കും, ലൈംഗിക അധാർമ്മികതക്കും, ഉപദേശപരമായ തെറ്റുകൾക്കും, അങ്ങനെ പലതിനും എതിരായി ഞാൻ പ്രസംഗിക്കാറുണ്ട്. ആ വിഷയങ്ങളെക്കുറിച്ചു മാത്രമല്ല എനിക്കു പ്രസംഗിക്കുവാനുള്ളത്, ബൈബിളിലെ പ്രധാനപ്പെട്ട മറ്റു അനേകായിരം വിഷയങ്ങളെക്കുറിച്ചും എനിക്കു പ്രസംഗിക്കുവാനുണ്ട്. നേരെ മറിച്ചു, അത്തരം കാര്യങ്ങളെ സംബന്ധിച്ചു എന്നിൽ കുറ്റങ്ങളുമുണ്ട്, എന്റെ കുറ്റങ്ങൾ ഞാൻ മറച്ചു പിടിക്കാറില്ല.

നിങ്ങളുടെ പ്രതികരണം ഒരുപക്ഷെ "ഞാൻ അതാഗ്രഹിക്കുന്നില്ല. എനിക്കു ശിക്ഷ ആഗ്രഹമില്ല. പ്രകാശവും മധുരവും മാത്രമാണ് ഞാനാഗ്രഹിക്കുന്നത്" എന്നാകാം. ഞാൻ ആവർത്തിക്കട്ടെ: നിങ്ങളുടെ ജീവിതം *കുഴപ്പത്തിൽ* ആണെങ്കിൽ, ആദ്യം നിങ്ങൾക്കു *വേണ്ടത്* പൂർണ്ണമായും നിങ്ങളോടു സത്യസന്ധതയുള്ള ഒരാളെയാണ്.

**നുറുക്കുവാൻ കഴിയുന്ന ഒരു ഹൃദയത്തെ അവനാവശ്യം**

ദാവീദിനു, എങ്ങനെയായാലും, അതിലും കൂടുതൽ ആവശ്യമായിരുന്നു. ശരിയായ രീതിയിൽ ലഭിച്ചില്ലെങ്കിൽ നല്ല സന്ദേശം പ്രയോജനപ്പെടുകയില്ല. നുറുക്കേണ്ട ഒരു ഹൃദയവും ദാവീദിനു ആവശ്യമായിരുന്നു.

നാഥാന്റെ സന്ദേശത്തോടു ദാവീദു പലവിധത്തിൽ പ്രതികരിച്ചിരിക്കാം. അവനു ഉപദേഷ്ടാവിനോടു ദേഷ്യം തോന്നിയിരിക്കാം. അതു ഒരു അസാധാരണ പ്രതികരണം അല്ല. അവൻ ഒഴികഴിവുകൾ നിരത്താൻ തുടങ്ങിയേക്കാം: "ബത്ത്-ശേബ അവിടെ അങ്ങനെ നിന്നു കുളിച്ചതുകൊണ്ടാണ് അതു സംഭവിച്ചത്," അല്ലെങ്കിൽ "ഊരീയാവു അത്തരം കർശനക്കാരനല്ലായിരുന്നെങ്കിൽ, അവൻ ഇന്നും ജീവിച്ചിരിക്കുമായിരുന്നു." നാം വരുത്തിയ കുഴപ്പത്തിനു മറ്റുള്ളവരെ പഴി ചാരുവാൻ എളുപ്പമല്ലേ? എങ്ങനെയായാലും, ദാവീദിന്റെ ജീവിതത്തിലെ കുഴപ്പങ്ങളൊന്നും, ഒഴികഴിവുകൊണ്ടു പരിഹരിച്ചിരിക്കില്ല. അവൻ തുടർന്നും തന്റെ പാപങ്ങളെ മറെച്ചു പിടിക്കുവാൻ തീരുമാനിച്ചിരിക്കാം - അതു മറ്റൊരു പാപം കൂട്ടിചേർത്തുകൊണ്ടായിരുന്നു. അവനു അപ്പോഴുമുണ്ടായിരുന്ന രാജകീയശക്തി ഉപയോഗിച്ചു നാഥാനെ കൊല്ലുവാനും കഴിയുമായിരുന്നു.

ദാവീദ് ആ വിധത്തിലൊന്നും പ്രതികരിച്ചില്ല. പകരം, അവന്റെ ഹൃദയം നുറുങ്ങി. ദാവീദ് ദൈവത്തിനു ബോധിച്ച ഹൃദയമുള്ളവനായതു, അവൻ പൂർണ്ണനായതുകൊണ്ടല്ല, പിന്നെയോ സ്പർശിക്കാവുന്ന ഒരു ഹൃദയം അവനുണ്ടായിരുന്നതുകൊണ്ടാണ്. ദാവീദ് നാഥാനോടു പ്രതികരിച്ചതിനെ കുറിച്ചു, 2 ശമുവേൽ 12:13-ലുള്ളതു നോക്കുക: "ഞാൻ യഹോവയോടു പാപം ചെയ്തിരിക്കുന്നു." ഈ ലളിതമായ കുറ്റസമ്മതം സങ്കീർത്തനങ്ങൾ 51-ൽ വിശദീകരിച്ചിരിക്കുന്നു. ആ സങ്കീർത്തനത്തിന്റെ പുരാതന തലവാചകം വായിക്കുന്നതു ഇങ്ങനെയാണ്, "ദാവീദിന്റെ ഒരു സങ്കീർത്തനം, അവൻ ബത്ത്-ശേബയുടെ അടുക്കൽ ചെന്ന ശേഷം, നാഥാൻ പ്രവാചകൻ അവന്റെ അടുക്കൽ വന്നപ്പോൾ ചമെച്ചത്." ദാവീദ് തന്റെ ഹൃദയം പകർന്നു:

ദൈവമേ, നിന്റെ ദയെക്കു തക്കവണ്ണം,
എന്നോടു കൃപയുണ്ടാകേണമേ;
നിന്റെ കരുണയുടെ ബഹുത്വപ്രകാരം
എന്റെ ലംഘനങ്ങളെ മായിച്ചുകളയേണമേ.
എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ,
എന്റെ പാപം നീക്കിഎന്നെ വെടിപ്പാക്കേണമേ.
എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു,
എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു. ...

എന്റെ പാപങ്ങളെ കാണാതവണ്ണം നിന്റെ മുഖം മറെക്കേണമേ,
എന്റെ അകൃത്യങ്ങളെ ഒക്കെയും മായിച്ചു കളയേണമേ.

ദൈവമേ, നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ചു,
സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ.
നിന്റെ സന്നിധിയിൽനിന്നു എന്നെ തള്ളിക്കളയരുതേ,
നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്നു എടുക്കയുമരുതേ.
നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ,
മനസ്സൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങേണമേ
(51:1–3, 9–12).

"ഈ വിധത്തിലുള്ള ഹൃദയമാണോ എന്നിലുള്ളത്?" എന്നു നാം ഓരോരുത്തരും, നമ്മോടു തന്നെ ചോദിക്കണം. നമ്മുടെ ജീവിതം കുഴഞ്ഞുമറിയുമ്പോൾ ആവശ്യമായ ഈ കാര്യങ്ങൾ നൽകുവാൻ, മറ്റാർക്കും സാധ്യമല്ല. നമുക്കു ചിലപ്പോൾ അതുണ്ടാകാം, ചിലപ്പോൾ ഇല്ലാതെയുമിരിക്കാം. നമുക്ക് അതു ഇല്ലാതിരിക്കുകയും, അത്തരം ഹൃദയം വളർത്തിയെടുക്കുവാൻ തയ്യാറുമല്ലെങ്കിൽ, നമുക്കു പാപമോചനത്തിനു പ്രത്യാശിക്കുവാൻ വലുതായി ഒന്നുമില്ല.

### അവനു പാപമോചനത്തിന്റെ ഉറപ്പ് ആവശ്യമായിരുന്നു

മൂന്നാമതു, ദാവീദിനു പാപമോചനത്തിന്റെ ഒരു ഉറപ്പ് ആവശ്യമായിരുന്നു. തന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്ന ഉറപ്പു കൂടാതെ അവനു മുമ്പോട്ടു പോകുവാൻ കഴിയുമായിരുന്നില്ല. സങ്കീർത്തനങ്ങൾ 51:11 വീണ്ടും നോക്കുക: "നിന്റെ സന്നിധിയിൽനിന്നു എന്നെ തള്ളിക്കളയരുതേ, നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്നു എടുക്കയുമരുതേ." ശൗലിൽനിന്നു ദൈവത്തിന്റെ ആത്മാവിനെ എടുത്തുകളഞ്ഞപ്പോൾ സംഭവിച്ചതു ദാവീദ് കണ്ടതാണ് (1 ശമുവേൽ 16:44 മുതൽ). ശൗലിന്റെ മനസു തന്നെ അവനിൽനിന്നു വിട്ടുപോയി. ശൗൽ രാജാവിനു ആശ്വാസമുണ്ടാകുവാൻ ദാവീദ് രാത്രി തോറും കിന്നരം വായിച്ചിരുന്നു. ഇപ്പോൾ ദാവീദ് കരയുകയാണ്, "അങ്ങനെ എനിക്കു സംഭവിക്കരുതേ!"

അങ്ങനെ സംഭവിച്ചില്ല. ദാവീദിനു ദൈവം പാപമോചനത്തിന്റെ ഉറപ്പു കൊടുത്തു. "ഞാൻ യഹോവയോടു പാപം ചെയ്തിരിക്കുന്നു," എന്നു ദാവീദ് പറഞ്ഞശേഷം, നാഥാൻ പറഞ്ഞു, "യഹോവ നിന്റെ പാപം മോചിച്ചിരിക്കുന്നു; നീ മരിക്കയില്ല"[22] (2 ശമുവേൽ 12:13). പ്രവാചകൻ ആ വാക്കുകൾ അവ

നോടു പറഞ്ഞപ്പോൾ, ദാവീദിന്റെ ഹൃദയത്തിലെ ഭാരം നീങ്ങി. അപ്പോൾ അവനിലുണ്ടായ സന്തോഷമാണ് സങ്കീർത്തനങ്ങൾ 32 പറയുന്നത്:

ലംഘനം ക്ഷമിച്ചും
    പാപം മറെച്ചും,
കിട്ടിയവൻ ഭാഗ്യവാൻ!
യഹോവ അകൃത്യം കണക്കിടാതെയും
ആത്മാവിൽ കപടം ഇല്ലാതെയും,
ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ!

... ഞാൻ എന്റെ പാപം നിന്നോടറിയിച്ചു,
    എന്റെ അകൃത്യം മറെച്ചതുമില്ല;
"എന്റെ ലംഘനങ്ങളെ യഹോവയോടു ഏറ്റു
    പറയും"; എന്നു ഞാൻ പറഞ്ഞു,
അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം
ക്ഷമിച്ചു തന്നു
    (32:1, 2, 5).

അതിനുള്ള അർഹത ദാവീദിനില്ലായിരുന്നു, എന്നാൽ ദൈവത്തിന്റെ കരുണാധിക്യപ്രകാരം അവനോടു ക്ഷമിച്ചു. നുറുങ്ങത്തക്കവിധത്തിലുള്ള ഹൃദയമായിരുന്നു ദാവീദിന്റേത്; ദാവീദ് മാനസാന്തരപ്പെട്ടു ദൈവത്തിലേക്കു മടങ്ങിവന്നതുകൊണ്ടു ദൈവം ദാവീദിനോടു ക്ഷമിച്ചു.

ഇതാണ് ദാവീദും ശൗലും തമ്മിലുണ്ടായിരുന്ന വ്യത്യാസം. നമ്മുടെ കാഴ്ചപ്പാട് അനുസരിച്ച്, ദാവീദിന്റെ അത്ര കാഠിന്യമുള്ള പാപമായിരുന്നില്ല ശൗലിന്റേത്. എങ്ങനെയായാലും, ശൗലിനു, ദൈവത്തിൽ മാത്രം ശ്രദ്ധിക്കുന്ന ഒരു മനസില്ലായിരുന്നു. ശൗലിന്റെ വിചാരം രാഷ്ട്രീയത്തിലും, സ്വന്തം താല്പര്യത്തിലും, പാരമ്പര്യം, ആദരവു, മഹത്വം എന്നിവ നിലനിർത്തുന്നതിലും മാത്രമായിരുന്നു. ദൈവത്തിന്റെ പ്രവാചകൻ ശൗലിനെ ശാസിച്ചപ്പോൾ, ദൈവം എന്തു വിചാരിക്കുമെന്നതിനേക്കാൾ ആളുകൾ എന്തു വിചാരിക്കുമെന്നതായിരുന്നു ശൗലിന്റെ ചിന്ത. ദാവീദ് ദാരുണമായി പാപം ചെയ്തു എങ്കിലും, അവന്റെ ഹൃദയത്തിൽ അവന് ദൈവത്തെ കുറിച്ചും ദൈവത്തോടുള്ള അവന്റെ ബന്ധത്തെ കുറിച്ചും കരുതലുണ്ടായിരുന്നു. ദൈവത്തിന്റെ പ്രവാചകൻ അവനെ ശാസിച്ചപ്പോൾ, ദൈവവുമായുള്ള ബന്ധം യഥാസ്ഥാനപ്പെടുമെന്നായിരുന്നു കരുതിയത്. അവരുടെ ഹൃദയങ്ങൾ തമ്മിലുള്ള വ്യത്യാസം കാരണം, ശൗലിന്നു പാപമോചനത്തിന്റെ ഉറപ്പു കിട്ടിയില്ല, എന്നാൽ ദാവീദിനു ലഭിച്ചു.

പാപം നിമിത്തം നമ്മുടെ ജീവിതം നിയന്ത്രണാതീതമാകുമ്പോൾ, ദൈവത്തിലേക്കു നാം മടങ്ങിവരുകയാണെങ്കിൽ നമുക്ക് പാപമോചനം ലഭിക്കുമെന്നും ദൈവം നമ്മുടെ തെറ്റുകൾ ക്ഷമിക്കും എന്നുമുള്ള ഉറപ്പാണാവശ്യം. അതു നമുക്കു പ്രത്യാശയും ശക്തിയും പകരും. ചിലർക്ക്, ദൈവം അത്രമാത്രം കരുണയുള്ളവനാണെന്നു വിശ്വസിക്കുവാൻ പ്രയാസമാണ്. നിങ്ങളോടുതന്നെ ചോദിക്കുക: "എന്റെ ജീവിതം ദാവീദിന്റെ ജീവിതത്തേക്കാൾ കൂടുതൽ മോശവും – അത്യാഗ്രഹം, വ്യഭിചാരം, ഭോഷ്ക്ക്, കുലപാതകം

എന്നിവയുള്ളതുമാണോ?" ഇതു വിശ്വസിക്കുക: ദാവീദിനോടു ദൈവത്തിനു ക്ഷമിക്കുവാൻ കഴിഞ്ഞുവെങ്കിൽ, അവന് ആരോടും ക്ഷമിക്കുവാൻ കഴിയും. അവനു നിങ്ങളോടും ക്ഷമിക്കുവാൻ കഴിയും!

ആരെങ്കിലും തടസവാദം ഉന്നയിച്ചേക്കാം എന്ന ഭയത്താൽ, ഞാൻ ആ തീരുമാനത്തെ പഴയനിയമത്തിലുള്ള സൂചനയിൽ അടിസ്ഥാനപ്പെടുത്തുന്നു. പുതിയ നിയമത്തിലെ റോമർ 4:7, 8 നോക്കുക: "അധർമ്മം മോചിച്ചും, പാപം മറെച്ചും കിട്ടിയവർ ഭാഗ്യവാന്മാർ. കർത്താവു പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ." ആ വാചകങ്ങൾ സുപരിചിതമായി തോന്നുന്നില്ലേ? ആയിരിക്കണം. സങ്കീർത്തനങ്ങൾ 32-ൽ[23] നാം അതു ഇപ്പോൾ വായിച്ചതേയുള്ളൂ. പുതിയനിയമത്തിൽ, ദാവീദ് പറഞ്ഞു, "നാം ദൈവത്തോടു മടങ്ങിവന്നാൽ ദൈവം നമ്മോടു ക്ഷമിക്കും എന്നെനിക്കറിയാം. ദൈവം എന്നോടു ക്ഷമിച്ചു!" പുതിയനിയമത്തിൽ, പൗലൊസ് പറഞ്ഞു, "ദൈവത്തിനു നന്ദി, അതു ഇപ്പോഴും വാസ്തവമാണ്!"

നാണയത്തിന്റെ ഒരുവശം ഞാൻ നേരത്തെ അവതരിപ്പിച്ചു: ഓരോരുത്തർക്കും തന്റെ ആത്മിയാവസ്ഥയെ ശ്രദ്ധിക്കുന്നതിൽ ആത്മാർത്ഥതയുള്ള ഒരാളെ ആവശ്യമാണ്. ഇനി ഞാൻ നാണയത്തിന്റെ മറുവശം അവതരിപ്പിക്കട്ടെ: ഒരാൾ മാനസാന്തരപ്പെട്ടു തിരിയുമ്പോൾ, അയാളോടു ദൈവം ക്ഷമിക്കുമെന്നും ഓരോരുത്തരും അറിയേണ്ടതുണ്ട്. എന്റെ വർഷങ്ങളായുള്ള പ്രസംഗാനുഭവങ്ങളാൽ, ഉപദേശപരവും ധാർമ്മികപരവുമായ കാര്യങ്ങളിൽ ശക്തമായ ഇടവകകളോടു തെറ്റും ശരിയും ബോധ്യപ്പെടുത്തി പ്രസംഗിക്കുവാനുള്ള പ്രത്യേക അവകാശം എനിക്കു ലഭിച്ചു. ആ ഇടവകകൾ ദൈവത്തിന്റെ കരുണയിലും കൃപയിലും വിശ്വസിച്ചിരുന്നു എന്നു പറയുവാനും എനിക്കു സന്തോഷമുണ്ട്; ആളുകൾ അവരുടെ പാപത്തെ തിരിച്ചറിഞ്ഞ് കർത്താവിലേക്കു തിരിഞ്ഞുവന്നപ്പോൾ അവരോടു അവർ സ്നേഹപൂർവ്വം ക്ഷമിച്ചിരുന്നു. മനസ്താപത്തോടെ തിരിച്ചുവരുന്നവരുടെ കണ്ണുനീരോടൊപ്പം അവരെ സ്വീകരിക്കുന്നവരും കണ്ണുനീരും ഞാൻ എത്രയോ പ്രാവശ്യം കണ്ടിട്ടുണ്ട്!

പാപത്തിനെതിരെ ശക്തമായി നിൽക്കുന്ന ഇടവകകൾക്ക് കഠിന-ഹൃദയമുള്ളവർ, സ്നേഹമില്ലാത്തവർ, തെറ്റായി ന്യായം വിധിക്കുന്നവർ, തങ്ങളുടെ പൂർണ്ണത കളങ്കപ്പെടുത്തുമെന്ന ധാരണയാൽ പാപിയെ സ്വീകരിക്കുവാൻ തയ്യാറല്ലാത്തവർ എന്നിങ്ങനെ അറിയപ്പെടുവാൻ എളുപ്പമാണ്. പാപികൾ നിറഞ്ഞ ഒരു ഇടവകയിലായിരുന്നു ഞാൻ പ്രസംഗിച്ചിരുന്നതെന്നു കേൾക്കുമ്പോൾ നിങ്ങൾ ഞെട്ടുകയില്ലെന്നു ഞാൻ കരുതുന്നു.[24] ചിലർ ഈ പാപവും, മറ്റുചിലർ ആ പാപവുമായി പ്രയാസപ്പെട്ടിരുന്നു (യാക്കോബ് 1:14), എന്നാൽ നാം *എല്ലാവരും* പാപത്തോടു മല്ലിടുന്നവരാണ് (റോമർ 3:23). ദൈവം പറയുന്നതു*പോലെ തന്നെ* ചെയ്യുവാനാണ് ഞങ്ങൾ എല്ലാവർക്കും വെല്ലുവിളി നൽകുന്നത് - മറ്റൊരു വഴിയിലും ചെയ്യുവാനല്ല ദൈവം ആഗ്രഹിക്കുന്നത് (മത്തായി 7:21 മുതൽ) - എന്നാൽ അതേസമയം, നാം നമ്മുടെ അപാകതകൾ സമ്മതിക്കയും വേണം. നാം പാപം ചെയ്യുമ്പോൾ, മാനസാന്തരപ്പെട്ട് പാപം ഏറ്റുപറയുകയും ദൈവത്തോടു ക്ഷമ ചോദിക്കയും ചെയ്യുന്നു (പ്രവൃത്തികൾ 8:22; 1 യോഹന്നാൻ 1:9; യാക്കോബ് 5:16), അവൻ നമുക്ക് പാപമോചനം തരുമെന്നും നാം വിശ്വസിക്കുന്നു. സഹദുഃഖിതർ എന്ന നിലയിൽ, നാം അന്യോന്യം ദുഃഖത്തിൽ നിന്നു ഉയർത്തുവാൻ ശ്രമിക്കുകയും, ആശ്വസിപ്പിക്കുകയും, പരസ്പരം ശക്തിപ്പെടുത്തുകയും വേണം.

**അയാൾക്കു തുടർന്നു പോകുവാൻ സ്ഥിരമായ ശക്തി ആവശ്യമാണ്**

നിങ്ങൾ ക്ഷമിക്കപ്പെട്ടാൽ, നിങ്ങളുടെ ജീവിതത്തിൽ ഒരിക്കലും പാപം ഉണ്ടായിട്ടില്ല എന്ന വിധത്തിൽ പ്രശ്നം അവസാനിച്ചു എന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിർഭാഗ്യവശാൽ, അതങ്ങനെ കാണുന്നില്ല. ഒരു നിമിഷംകൊണ്ടു നിങ്ങളുടെ പാപം ക്ഷമിക്കപ്പെട്ടേക്കാം, എന്നാൽ കുഴപ്പം തീർക്കുവാൻ വർഷങ്ങൾ വേണ്ടിവരുന്നു. നാം വായിക്കുന്നു, "നിങ്ങളുടെ പാപഫലം നിങ്ങൾ അനുഭവിക്കും" (സംഖ്യാപുസ്തകം 32:23) എന്നും "ഒരു മനുഷ്യൻ വിതെക്കുന്നതു, തന്നെ കൊയ്യും" (ഗലാത്യർ 6:7). ദാവീദ് ഊരീയാ വിന്മേൽ വാളയച്ചു; ഇപ്പോൾ അവൻ വിതെച്ചതു തന്നെ കൊയ്യുന്നു.[25] നാഥാൻ പ്രവാചകൻ അവനോടു പറഞ്ഞു:

> ... നീ ഹിത്യനായ ഊരീയാവെ വാൾകൊണ്ടു വെട്ടി, അവന്റെ ഭാര്യയെ നിനക്കു ഭാര്യയായിട്ടു എടുത്തു, അവനെ അമ്മോന്യരുടെ വാൾകൊണ്ടു കൊല്ലിച്ചു. നീ എന്നെ നിരസിച്ചു, ഹിത്യനായ ഊരീയാവിന്റെ ഭാര്യയെ നിനക്കു ഭാര്യയായിട്ടു എടുത്തതുകൊണ്ടു, വാൾ നിന്റെ ഗൃഹത്തെ ഒരിക്കലും വിട്ടുമാറുകയില്ല (12:9, 10).

ദാവീദിന്റെ അവസാനത്തെ ഇരുപതുവർഷക്കാല സംഭവങ്ങളെ ചുരുക്കി പറഞ്ഞിരിക്കയാണ് അടുത്ത ഏതാനും വാക്യങ്ങളിൽ:

> യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, "നിന്റെ സ്വന്ത ഗൃഹത്തിൽനിന്നു, ഞാൻ നിനക്കു അനർത്ഥം വരുത്തും; നീ കാൺകെ ഞാൻ നിന്റെ ഭാര്യമാരെ എടുത്തു, നിന്റെ കൂട്ടുകാരന്നു കൊടുക്കും, അവൻ ഈ സൂര്യന്റെ വെട്ടത്തുതന്നേ നിന്റെ ഭാര്യമാരോടുകൂടെ ശയിക്കും. നീ അതു രഹസ്യത്തിൽ ചെയ്തു, ഞാനോ ഈ കാര്യം യിസ്രായേലൊക്കെയും കാൺകെ, സൂര്യന്റെ വെട്ടത്തു തന്നേ നടത്തും ... എങ്കിലും നീ ഈ പ്രവൃത്തിയിൽ യഹോവയുടെ ശത്രുക്കൾ ദൂഷണം പറവാൻ ഹേതു ഉണ്ടാക്കിയതുകൊണ്ടു, നിനക്കു ജനിച്ചിട്ടുള്ള കുഞ്ഞ് മരിച്ചുപോകും" (12:11–14).

ദാവീദിന്റെ വിലപ്പെട്ട കുഞ്ഞ് പെട്ടെന്നു രോഗിയായി മരിച്ചയുടനെ ആ ഭയങ്കരപ്രവചനങ്ങൾ സത്യമായി സംഭവിച്ചു.[26] ദാവീദിന്റെ സ്വന്ത ഗൃഹത്തിൽനിന്നുത്ഭവിച്ച "ദുഷ്ടതയെ" കുറിച്ചാണ് നാം അടുത്ത പാഠത്തിൽ പഠിക്കുന്നത്: ദാവീദിനു തന്റെ മക്കളുടെ ബഹുമാനം നഷ്ടമായി; ദാവീദിന്റെ മകളായ താമാറിനെ അവന്റെ മകനായ അമ്നോൻ ബലാൽസംഗം ചെയ്തു; അമ്നോനെ ദാവീദിന്റെ മറ്റൊരു മകൻ ആയ, അബ്ശാലോം കൊന്നു; അബ്ശാലോം അവന്റെ അപ്പനോടു എതിർത്തു; അബ്ശാലോം കൊല്ലപ്പെട്ടു. അബ്ശാലോമിന്റെ എതിർപ്പിൽ, ദാവീദിന്റെ "കൂട്ടുകാരൻ" അവന്റെ ഭാര്യമാരോടുകൂടെ ശയിക്കും എന്ന പ്രവചനവും നിറവേറി (ഒ.വാ. 2 ശമുവേൽ 16:22). വീണ്ടും വീണ്ടും അവന്റെ ഗൃഹത്തിൽ വാൾ മിന്നിയതെങ്ങനെയെന്ന്, നമ്മുടെ ഈ പരമ്പരയിലെ അവസാന പാഠങ്ങളിൽ നാം കാണും.

ഞാൻ അതു വീണ്ടും പറയട്ടെ: പാപം ഭയങ്കരമായതാണ്! പാപം ക്ഷമിക്കപ്പെട്ടാലും അതിന്റെ അനന്തരഫലങ്ങൾ നിലനില്ക്കുന്നതിനാൽ, പാപം അതിഭയങ്കരമാണ്! നമ്മുടെ സ്വാധീനം നഷ്ടമാകും. നിരപരാധികൾ മുറിപ്പെടും.

വർഷങ്ങളോളം മുറിപ്പെടുത്താവുന്ന ഒരു വാളാണ് അത്. അതുകൊണ്ട് നാം നമ്മുടെ ചെറുപ്പക്കാരായ ആളുകളോടു, "പാപത്തിൽനിന്നു വിട്ടുനില്ക്കുക. നിങ്ങളുടെ യുവത്വത്തിന്റെ ആവേശം നിങ്ങളെ പാപത്തിലേക്കു നയിക്കാതിരിക്കട്ടെ. പരീക്ഷണം ഒഴിവാക്കണം" എന്നെല്ലാം പറയുന്നതിൽ അത്ഭുതമില്ല. പാപത്തിന്റെ അനന്തരഫലങ്ങൾ ഭയങ്കരമാണ്!

ദാവീദിനു ഉടനെ പാപമോചനം ആവശ്യമായിരുന്നു. ഓരോ ഇരുണ്ട ദിനവും തള്ളിനീക്കുവാൻ അവനു തുടർച്ചയായ ശക്തിയും ആവശ്യമായിരുന്നു.

ദാവീദ് എങ്ങനെ അതിജീ*വിച്ചു*? പാപമോചനത്തെക്കുറിച്ചുള്ള തീർച്ച അവനെ സഹായിച്ചു (സങ്കീർത്തനം 32:1, 2). നാഥാൻ അവനു നൽകിയ ഉറപ്പിനു പുറമെ, ദാവീദിനു ദൈവത്തോടുള്ള ബന്ധം പുനഃസ്ഥാപിക്കപ്പെട്ടതായി ആ അദ്ധ്യായത്തിന്റെ ശേഷം ഭാഗത്തു യഹോവ വ്യക്തമായ തെളിവു നല്കിയിരിക്കുന്നു: ദാവീദിനു ബത്ത്-ശേബയിലുണ്ടായ ആദ്യകുഞ്ഞ് മരിച്ച ശേഷം, ദൈവം അവർക്കു മറ്റൊരു കുഞ്ഞിനെ നല്കി എന്നതാണ് ആദ്യ തെളിവു. അവർ അവന്നു ശലോമോൻ എന്നു പേരിട്ടു, അർത്ഥം "സമാധാനമുള്ള"; നാഥാൻ[27] അവന്നു "യെദിദിയാ" എന്നു പേരിട്ടു, അതു "ദാവീദ്" എന്നതിന്റെ അതേ മൂലവാക്കിൽ നിന്നുണ്ടായതും അർത്ഥം "യഹോവക്കു പ്രിയനായവൻ" എന്നുമാണ്. അദ്ധ്യായത്തിന്റെ അവസാനം മറ്റൊരു തെളിവു നൽകിയിട്ടുണ്ട്: രബ്ബാ പട്ടണം കീഴടക്കിയതിനെ എടുത്തുപറഞ്ഞുകൊണ്ടു, ദാവീദിന്റെ യുദ്ധവിജയങ്ങളെ ചുരുക്കി പറയുന്നു. മറ്റെന്തിനേക്കാളും ദാവീദിനു പ്രാധാന്യമേറിയതായിരുന്നു ദൈവത്തോടുള്ള പുനരേകീകരണം. ഒരിക്കൽ അവന്നു ആ ഉറപ്പുകിട്ടിയാൽ, അവന്നു മുമ്പോട്ടു പോകുവാൻ കഴിയുമായിരുന്നു.

ഭാവിയിലും ദൈവം അവനെ സഹായിച്ചു ശക്തീകരിക്കും എന്ന ദാവീദിന്റെ ബോധ്യം ആ ഉറപ്പുമായി അടുത്തു ബന്ധപ്പെട്ടിരുന്നു. "നീ എനിക്കു മറവിടമാകുന്നു," ദാവീദ് യഹോവയോടു പറഞ്ഞു; "നീ എന്നെ കഷ്ടത്തിൽനിന്നു സൂക്ഷിക്കും" (സങ്കീർത്തനങ്ങൾ 32:7).

ദാവീദിനെ സഹായിച്ച മറ്റൊരു കാര്യം അവനെ സഹായിക്കുകയും താങ്ങുകയും ചെയ്ത സ്നേഹിതന്മാരുടെ സാന്നിദ്ധ്യമാണ്. നാഥാൻ ദാവീദിന്റെ വശത്തുതന്നെ നിന്നു (2 ശമുവേൽ 12:25; 1 രാജാക്കന്മാർ 1:8 മുതൽ), ദാവീദിനു വേറെയും സ്നേഹിതന്മാർ ഉണ്ടായിരുന്നു - അവരിൽ ഉൾപ്പെട്ടവനായിരുന്നു സാദോക്കും (2 ശമുവേൽ 15:24), ഹുശായിയും,[28] മാഖിരും.[29] ദാവീദിന്റെ മോശമായ ദിനങ്ങളിൽ അവനെ സഹായിച്ചവരായിരുന്നു അവന്റെ ഈ സ്നേഹിതന്മാർ.

അതേ വിധത്തിലുള്ള സഹായങ്ങൾ ദൈവം നമുക്കും തരും. നാം മാനസാന്തരപ്പെട്ട് ദൈവേഷ്ടം ചെയ്താൽ, നമുക്കും, ദൈവം, പാപമോചനം വാഗ്ദാനം ചെയ്തിട്ടുണ്ട് (പ്രവൃത്തികൾ 2:38; 1 യോഹന്നാൻ 1:9). കൂടാതെ, ദൈവം നമ്മോടുകൂടെ ഉണ്ടായിരിക്കുമെന്നും ഉറപ്പുതന്നിട്ടുണ്ട്. "കർത്താവു എനിക്കു തുണ, ഞാൻ പേടിക്കയില്ല. മനുഷ്യൻ എന്നോടു എന്തു ചെയ്യും?" (എബ്രായർ 13:6). അവസാനമായി, നമ്മെ താങ്ങുവാനായി സഭ എന്ന, ഒരു കൂട്ടം ആളുകളെയും ദൈവം നൽകിയിട്ടുണ്ട്. നാമെല്ലാവരും കർത്താവിന്റെ സഭയുടെ ഭാഗമായിതീരണം (പ്രവൃത്തികൾ 2:38, 47; 1 കൊരിന്ത്യർ 12:13; എഫെസ്യർ 1:22, 23; 5:23, 25) - നമുക്കു പ്രോൽസാഹനം കിട്ടുന്ന ഒരു ഇടവകയോടു ചേർന്നു നാം ആരാധിക്കയും പ്രവർത്തിക്കയും വേണം.[30]

**ഉപസംഹാരം**

ബൈബിൾ നായകന്മാരെ പരിശുദ്ധാത്മാവു വരച്ചു ചിത്രീകരിച്ചപ്പോൾ, അവരുടെ എല്ലാ കുറവുകളും ഉൾപ്പെടെയാണു കാണിച്ചിരിക്കുന്നത്. ഇതു ചിലരെ വിചാരപ്പെടുത്തുന്നു, എന്നാൽ അതു എന്നെ സഹായിക്കുന്നു. ആരും പാപം ചെയ്യുവാനാകാത്തവണ്ണം ശക്തരല്ല എന്നു തിരിച്ചറിയുവാൻ അതു എന്നെ സഹായിക്കുന്നു. ജാഗ്രതയോടെ ആയിരിക്കുവാൻ അത് എന്നെ വെല്ലു വിളിക്കുന്നു. നുറുങ്ങപ്പെടുന്ന ഒരു ഹൃദയമുള്ളിടത്തോളം ദൈവത്തിന്റെ പാപ മോചനത്തിനപ്പുറം പോകുവാൻ ആർക്കും കഴിയുകയില്ല എന്ന തിരിച്ചറിവും എനിക്കതു നൽകുന്നു. ഇതു ദൈവകരുണയിലേക്കു എന്നെ ഏല്പിച്ചുകൊ ടുക്കുവാൻ ധൈര്യപ്പെടുത്തുന്നു.

നാം പഠിച്ച സംഭവത്തിലെ, കൂടുതൽ ഭാഗവും ഹീനമായതായിരുന്നു, എന്നാൽ സന്തോഷകരമായ പര്യവസാനം നിങ്ങൾ പ്രതീക്ഷിച്ചിരുന്നു എന്നു ഞാൻ കരുതുന്നു. ദാവീദ് കർത്താവിങ്കലേക്കു പുനരേകീകരിക്കപ്പെട്ടു. ദാവീദിന്റെ ജീവിതത്തിൽ കുഴപ്പങ്ങളുണ്ടായിരുന്നെങ്കിലും, തനിക്കുശേഷം വരുവാനിരുന്ന രാജാക്കന്മാർക്കു പിൻപറ്റാവുന്ന ഒരു നിലവാരമായി അവൻ അവസാനം മാറി (1 രാജാക്കന്മാർ 15:3). അവൻ മരിച്ചു ആയിരം വർഷങ്ങൾക്കു ശേഷവും, ദാവീദ് ദൈവത്തിനു ബോധിച്ച ഹൃദയമുള്ള മനുഷ്യനായിത്തന്നെ അറിയപ്പെട്ടു (പ്രവൃത്തികൾ 13:22). ദാവീദിനുണ്ടായിരുന്നതു സ്പർശിക്കാവുന്ന ഒരു ഹൃദയമായിരുന്നു.

നിങ്ങളുടെ ജീവിതം എങ്ങനെയാണ് ഇരിക്കുന്നതെന്നു എനിക്ക് അറിയില്ല; എന്നാൽ അതു ദാവീദ് ബത്ത്-ശേബയുമായി പാപം ചെയ്തശേഷമുണ്ടായിരുന്നതുപോലെ മോശമാണെങ്കിൽ പോലും, ഞാൻ നിങ്ങൾക്കു ഈ ഉറപ്പു നൽകുന്നു: നിങ്ങളുടെ ജീവിതകഥക്കും ഒരു സന്തോഷകരമായ അന്ത്യം ഉണ്ടാകും - നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ട്, പാപങ്ങളെ ഉപേക്ഷിച്ചു, ദൈവേഷ്ടം ചെയ്യുവാൻ തയ്യാറാണെങ്കിൽ അതു സാധ്യമാണ്!

---

**പ്രസംഗ കുറിപ്പുകൾ**

യാക്കോബ് 1:14, 15-ൽ രേഖപ്പെടുത്തിയിരിക്കുന്ന പാപത്തിന്റെ പുരോഗമനം എന്നതിനെ കുറിച്ചുള്ള ശക്തമായ ഉദാഹരണത്തിന് അദ്ധ്യായം 11-നെ ഉപയോഗിക്കാം. ചാൾസ് സ്വിന്റോൽ ആ വിഷയത്തെ കുറിച്ചു പ്രധാനമായും പറയുന്നത് "ഏ ലൂറിഡ് ലുക്ക്," "ഏ ലസ്റ്റ്ഫുൾ ആക്ട്," എന്നും "ലിങ്കറിങ്ങ് റിസൽട്ട്സ്" എന്നുമാണ് (സ്റ്റഡി ഗൈഡ് ഓൺ *ഡേവിഡ്, ഏ മാൻ ആഫ്റ്റർ ഗോഡ്സ് ഓൺ ഹാർട്ട്* [ഫള്ളർറ്റൺ, കാലിഫ്.: ഇൻസൈറ്റ് ഫോർ ലിവിങ്ങ്], 102, 103).

ഇക്കാലത്തു ഓരോ മതേതരമായ വേദികളും "സേഫ് സെക്സ്" എന്നതിനെ കുറിച്ചു പ്രസംഗിക്കുമ്പോൾ, വ്യഭിചാരത്തെയും അതിന്റെ അനന്തര ഫലങ്ങളെയും കുറിച്ചു ശക്തമായ ഉപദേശം ആവശ്യമായി വരുന്നു (സദൃശവാക്യങ്ങൾ 6:32). ലിൻ ആന്റേഴ്സൻ തന്റെ *ഫൈന്റിങ്ങ് ദ ഹാർട്ട് ടു ഗോ ഓൺ* എന്ന പുസ്തകത്തിൽ വ്യഭിചാരത്തെ കുറിച്ചു കൊടുത്തിരിക്കുന്ന നാലു പ്രത്യക്ഷപ്രമാണങ്ങൾ നോക്കുക ([സാൻ ബെർണാഡിനോ, കാലിഫ്.: ഹിയർ'സ് ലൈഫ് പബ്ളിഷേഴ്സ്, 1992], 129–33). "സേഫ് സെക്സ്" എന്ന

തിനെകുറിച്ചു പഠിക്കേണ്ടതിനുപകരം, "*സേക്രഡ് സെക്സ്*" എന്നതിനെ കുറിച്ചുള്ള പഠനം നമുക്ക് ആവശ്യമാണ് (അതായത്, ദൈവം-അംഗീകരിച്ച വിവാഹത്തിൽ).

ഈ പാഠത്തിലുള്ള സംഭവങ്ങൾ നടന്നപ്പോൾ ദാവീദിനു അമ്പതു വയസുണ്ടായിരുന്നു എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. പുരുഷന്മാരിലെ മദ്ധ്യ-പ്രായത്തിലുള്ള പ്രതിസന്ധി എന്നതിനെ കുറിച്ചുള്ള പാഠത്തിന്റെ ആരംഭമായി ഈ പോയിന്റ് എടുക്കാം.

ദാവീദിന്റെ പാപത്തെ നാഥാൻ തുറന്നു കാണിക്കുന്നതായ ഉദാഹരണം കാണിക്കുന്നത് "നേരിടുമ്പോൾ മതിയായ ശ്രദ്ധ" നമുക്കു വേണമെന്നാണ് (സദൃശവാക്യങ്ങൾ 27:5, 6) - എങ്ങനെ നേരിടണമെന്നും കാണിക്കുന്നു (ഗലാത്യർ 6:1; സദൃശവാക്യങ്ങൾ 15:23; 25:11). നാം ആളുകളെ സ്നേഹിക്കുന്നുവെങ്കിൽ, അവരെ ശാരീരികമായും, വൈകാരികമായും, കൂടാതെ/ അല്ലെങ്കിൽ ആത്മികമായും നശിപ്പിക്കുന്ന അവരുടെ ജീവിതത്തിലുള്ള കാര്യങ്ങളെ കണ്ടില്ലെന്നു നടിക്കുവാൻ നമുക്കു സാധ്യമല്ല.

മക്കൾ മരിച്ചവരെ ആശ്വസിപ്പിക്കുവാൻ ദാവീദിന്റെ മകന്റെ മരണത്തെ കുറിച്ചുള്ള കഥ പലപ്പോഴും ആളുകൾ എടുക്കാറുണ്ട്. "നാം സ്നേഹിക്കുന്നവർ മരിക്കുമ്പോൾ" എന്നതിനെ കുറിച്ചുള്ള ഒരു പൊതുവായ പാഠത്തിന്റെ അടിസ്ഥാനമായി അതിനെ എടുക്കാവുന്നതാണ്.

---

കുറിപ്പുകൾ

[1]പാഠത്തെ ഈ പരമ്പരയുടെ ക്രമത്തിനു യോജിക്കുന്ന വിധത്തിൽ വികസിപ്പിച്ചു രൂപപ്പെടുത്തിയിരിക്കുന്നു. [2]വീട്ടിൽ തന്നെ കഴിച്ചുകൂട്ടുവാനായിരുന്നില്ല ദാവീദിന്റെ പദ്ധതി (2 ശമുവേൽ 18:3; 21:17). എങ്കിലും, അവസാനം യെരുശലേമിൽ തങ്ങുവാനുള്ള തീരുമാനത്തിന്റെ ഉത്തരവാദിത്വം അപ്പോഴും ദാവീദിനു തന്നെയായിരുന്നു. [3]ആർഎസ്‌വിയിലുള്ളത് "ലേയിറ്റ് വൺ ആഫ്റ്റർനൂൺ" എന്നാണ്. [4]"കിടക്കയിൽനിന്നും എഴുന്നേറ്റു" എന്ന വസ്തുത അവൻ ഉച്ചക്കുശേഷമുള്ള മയക്കത്തിലായിരുന്നു എന്നു സൂചിപ്പിക്കുന്നു. [5]ബത്ത്ശേബയുടെ കുറ്റത്തെക്കുറിച്ച് അല്ലെങ്കിൽ നിരപരാധിത്വത്തെക്കുറിച്ച് വേദഭാഗം ഒന്നും പറയുന്നില്ല. ദാവീദിന്റെ മോഹം തീർക്കുവാൻ അവൾക്ക് എത്രമാത്രം കഴിഞ്ഞു? അവൾ സ്വയമായി ദാവീദിനു കീഴ്പ്പെടുകയായിരുന്നോ അതോ എതിർപ്പോടെ ആയിരുന്നോ? ഊരീയാവു മരിച്ചപ്പോൾ അവൾ വാസ്തവത്തിൽ കരഞ്ഞോ, അതോ കരയുന്നതായി അഭിനയിക്കുകയായിരുന്നോ? ഈ ചോദ്യങ്ങൾക്കൊന്നും ഉത്തരം പറയുവാൻ നമുക്ക് സാധ്യമല്ല. ദൈവശ്വാസിയ എഴുത്തുകാരനെ സംബന്ധിച്ച്, അതു *ദാവീദിന്റെ* പാപമായിരുന്നു. എഴുത്തുകാരൻ വിചാരപ്പെട്ടിരുന്നത് *ദാവീദിനെ* കുറിച്ചായിരുന്നു. [6]ബത്ത്ശേബ എവിടെ കുളിച്ചിരുന്നു എന്നോ ദാവീദ് എങ്ങനെ അവളെ കണ്ടു എന്നോ നമുക്ക് അറിയില്ല. ബത്ത്ശേബ വാസ്തവത്തിൽ എന്തു ചെയ്തുകൊണ്ടിരിക്കയായിരുന്നു എന്നും നമുക്ക് അറിയില്ല. അവൾ ഒരുപക്ഷെ ശരീരത്തിന്റെ ഒരു ഭാഗം മാത്രം കഴുകുകയായിരുന്നേക്കാം. അവൾക്കു പൂർണ്ണമായും നഗ്നമാകേണ്ട ആവശ്യമുണ്ടായിരുന്നില്ല. ബത്ത്ശേബ ദാവീദിനെ ആകർഷിക്കുവാൻ കെണിഒരുക്കിയതാണോ എന്നും നമുക്ക് ഊഹിക്കുവാൻ കഴിയുകയില്ല. [7]രണ്ടു ശമുവേൽ 11:4-ൽ "അവൾ ഋതുശുദ്ധി വരുത്തി, വീട്ടിലേക്കു മടങ്ങിപോയി" എന്നാണ്. ഏഎസ്‌വിയിൽ ഉള്ളത് "അവൻ അവളോടു കൂടെ ശയിച്ചു (അവൾ ഋതുശുദ്ധിവരുത്തിയതുകൊണ്ടു)" (കൂടാതെ കെജെവിയും എൻകെജെവിയും

നോക്കുക). ആർഎസ്‌വിയിൽ ഉള്ളത് “(അപ്പോൾ അവൾ ഋതുശുദ്ധി വരുത്തുകയാ
യിരുന്നു.).” എൻഐവിയിൽ “(അവൾ ഋതുശുദ്ധി വരുത്തി.) പിന്നെ അവൾ വീട്ടി
ലേക്കു പോയി”എന്നാണ്. “ഋതു” എന്നതുകൊണ്ടു സൂചിപ്പിക്കുന്നതു അവളുടെ മാസ
മുറയാണ്, ആ സമയത്തു സ്ത്രീകൾ ഏഴുദിവസം അശുദ്ധകാലയളവായി ആചരിക്കും
(ലേവ്യാപുസ്തകം 15:19-24). വ്യഭിചാരം നടന്നതു ഋതുശുദ്ധി വരുത്തിയ ഉടനെ ആയി
രുന്നു എന്നു എഴുത്തുകാരൻ സൂചിപ്പിക്കുന്നതിലൂടെ, അവൾ ദാവീദിന്റെ അടുക്കൽ
വന്നപ്പോൾ ഗർഭിണി ആയിരുന്നില്ല എന്നാകാം ചൂണ്ടിക്കാണിക്കുന്നത്. ദാവീദ് അതിനെ
കുറിച്ചു അന്വേഷിച്ചത് പല ദിവസങ്ങൾക്കു ശേഷമാണ് എങ്കിൽ, അവൾ ഇത്ര പെട്ടെന്നു
എങ്ങനെ ഗർഭം ധരിച്ചു എന്നതിനും ഇതു ഉത്തരം നൽകുന്നു. വാക്യം 2-ലെ “കുളി”
എന്നതിനെ കുറിച്ചും ഇതു വിശദീകരിക്കുന്നു; അവൾ ശുദ്ധി വരുത്തുവാനായി
രുന്നേക്കാം കുളിച്ചത്. ശുദ്ധിവരുത്തുക എന്ന അവളുടെ വിചാരത്തിനും ദാവീദിന്
അതിനെ കുറിച്ചുള്ള കരുതൽ ഇല്ലാത്തതിനും ഇടയിൽ - മനപ്പൂർവ്വം അല്ലെങ്കിൽ മന
പ്പൂർവമല്ലാത്ത - ഒരന്തരം കൂടെ ഉണ്ട്. [8]ഉൽപത്തി 43:34-ൽ “പ്രെസന്റ്” എന്നതിന് ഇവിടെ
ഉപയോഗിച്ചിരിക്കുന്ന എബ്രായ വാക്ക് സൂചിപ്പിക്കുന്നതു ആഹാരത്തെയാണ്. കെജെ
വിയും, ഏഎസ്‌വിയും, എൻകെജെവിയും കരുതുന്നത് 2 ശമുവേൽ 11:9-ൽ പറയുന്ന
സമ്മാനം വീട്ടിലേക്കു കൊണ്ടുപോകുവാനുള്ള ആഹാരം ആണെന്നാണ്. [9]ദാവീദിനു ആ
വീട് അവന്റെ അരമനയിൽനിന്നു കാണാമായിരുന്നു. [10]നിയമപെട്ടകം ഫെലിസ്ത്യരുടെ
കയ്യിലകപ്പെടുവാൻ മുൻപു ഇടയാക്കിയ ആപൽക്കരമായ വർഷങ്ങൾക്കുശേഷവും
അവർ അതു ചുമന്നു കൊണ്ടു യുദ്ധത്തിനുപോയി എന്നാണോ ഇതർത്ഥമാക്കുന്നത് (1
ശമുവേൽ 4)? ആകണമെന്നില്ല - നിയമപെട്ടകം യെരുശലേമിൽ താൽക്കാലികമായ
സ്ഥാനത്തുവെച്ചിരുന്നു. നിയമപെട്ടകം രബ്ബയിലേക്കുകൊണ്ടു*പോയിരുന്നു*വെങ്കിൽ,
അതൊരുപക്ഷെ ആരാധനക്കുവേണ്ടി ആയിരുന്നേക്കാം. ഒരു ഭാഗ്യ-ചിഹ്നമായി കൊണ്ടു
പോകേണ്ടതല്ല നിയമപെട്ടകം എന്ന് ദാവീദിനറിയാമായിരുന്നു (ഒ.വാ. 2 ശമുവേൽ 15:25).

[11]2 ശമുവേൽ 11:21, 23, 24 നോക്കുക. രണ്ടു ശമുവേൽ 12:9 പറയുന്നു “അമ്മോന്റെ
പുത്രന്മാരുടെ വാൾ കൊണ്ടു” ഊരീയാവു മരിച്ചു, എന്നാൽ ഇതിനർത്ഥം യുദ്ധത്തിൽ
അമ്മോന്യർ അവനെ കൊന്നു എന്നുമാകാം. [12]മതിലിനോടു അടുത്തായിരുന്നതു
കൊണ്ട് കല്ല് വീണ് അബീമേലെക്ക് മരിച്ചു എന്ന് ദാവീദ് പറയുമെന്നാണ്
യോവാബ് പ്രതീക്ഷിച്ചത്. ന്യായാധിപന്മാർ 9:50-57 പറയുന്നത് അതാണ്. എല്ലാ സൈന്യാ
ധിപന്മാർക്കും ഒരുപക്ഷെ ആ പാഠം പരിചയമുണ്ടായിരിക്കും. [13]അവളുടെ വിലാപം
ആത്മാർത്ഥമായിരുന്നോ അല്ലയോ എന്ന് നമ്മോടു പറഞ്ഞിട്ടില്ല, അത് ഊഹിക്കുന്ന
തിൽ വലിയ കാര്യവുമില്ല. [14]ആ കുഞ്ഞു ജനിച്ച വിവരം എത്ര പെട്ടെന്നാണ് വ്യാപി
ച്ചത് എന്നു നോക്കുക: 2 ശമുവേൽ 12:14. [15]ഇതു സൂചിപ്പിക്കുന്നത് മറ്റൊരാളെ ലഹരി
പിടിപ്പിക്കുന്ന പാപത്തെ കുറിച്ചും (ഹബക്കൂക് 2:15, 16) മറ്റു പാപങ്ങളെ കുറിച്ചുമല്ല.
[16]ശക്തമായ പരമ്പരാഗതമായ വിശ്വാസം സങ്കീർത്തനം 32 എഴുതപ്പെട്ടത് ദാവീദ് പാപം
ചെയ്ത ശേഷമാണെന്നാണ് പറയുന്നു. [17]ഈ വാക്യങ്ങളുടെ എൽബി പരാവർത്തനം
മറ്റൊരുവിധത്തിലാണ്. [18]ദാവീദ് ദേവാലയം പണിയുവാൻ ആരംഭിച്ചപ്പോഴായിരുന്നു
നാം നാഥാനെ അവസാനമായി കണ്ടത് (2 ശമുവേൽ 7). [19]നമ്മുടെ പാപങ്ങൾ കാണു
ന്നതിനേക്കാൾ മറ്റുള്ളവരുടെ പാപം കാണുന്നതാണ് എളുപ്പം. [20]ഇത് പുറപ്പാട് 22:1-ലെ
ആവശ്യങ്ങൾ അനുസരിച്ചുള്ളതായിരുന്നു.

[21]ദാവീദ് തന്റെ വാക്കുകളാൽ തന്നെ സ്വയം കുറ്റപ്പെടുത്തി. മനസലിവു കാണി
ക്കാതിരുന്നത് അവനായിരുന്നു. [22]നാഥാന്റെ ഉപമയിലെ ധനികനായ മനുഷ്യനെ നിയ
മപരമായി അവന്റെ കുറ്റത്തിന് അവൻ മരണയോഗ്യനല്ലെങ്കിലും, ദാവീദ് കുറ്റം വിധി
ച്ചു. എന്നാൽ മറ്റൊരുവിധത്തിൽ, ദാവീദ് തന്റെ വ്യഭിചാരത്തിനും കൊലപാതകത്തിനും

മരണയോഗ്യൻ *ആയിരുന്നു* (ലേവ്യാപുസ്തകം 20:10; 24:17), എന്നാൽ യഹോവ തന്റെ കൃപയാൽ അവനെ മരണശിക്ഷയിൽ നിന്ന് മോചിപ്പിച്ചു. [23]സങ്കീർത്തനങ്ങൾ 32:1, 2. സങ്കീർത്തനം 32 എബ്രായ ഭാഷയിൽ നിന്നും തർജ്ജിമ ചെയ്തിരിക്കുന്നതാണ് എങ്കിലും അപ്പൊസ്തലന്മാർ അത് ഗ്രീക്ക് തർജ്ജിമയിൽ നിന്നു (സെപ്റ്റ്വജിന്റ്) ഉദ്ധരിച്ചിരിക്കുന്നതിനാൽ വാക്കുകളിൽ വ്യത്യാസം ഉണ്ട്. [24]ഇതു ഞാൻ പ്രസംഗിക്കുമ്പോൾ, പറയും, "നിങ്ങളുടെ മുൻപിലിരിക്കുന്നയാൾ പാപിയാണെന്നും, നിങ്ങളുടെ പുറകിലിരിക്കുന്ന ആൾ പാപിയാണെന്നും, നിങ്ങളുടെ വലതുവശത്തിരിക്കുന്നയാൾ പാപിയാണെന്നും, നിങ്ങളുടെ ഇടതുവശത്തിരിക്കുന്നയാൾ പാപിയാണെന്നും ഞാൻ പറയുമ്പോൾ നിങ്ങൾ ഞെട്ടുകയില്ല എന്നു ഞാൻ വിചാരിക്കുന്നു. നാം *എല്ലാവരും* പാപികളാണ്." [25]ഈ സത്യം അടുത്ത പാഠത്തിൽ വിപുലീകരിക്കുന്നതാണ്. [26]"ദാവീദിന്റെ കുഞ്ഞ് മരിച്ചപ്പോൾ" എന്നതിനെ കുറിച്ചുള്ള അനുബന്ധലേഖനം നോക്കുക. [27]ഇപ്രാവശ്യം നാഥാൻ വന്നത് *നല്ല* വിശേഷങ്ങളുമായിട്ടായിരുന്നു. [28]ഹൂശായിയെ "ദാവീദിന്റെ സ്നേഹിതൻ" എന്നാണ് 2 ശമുവേൽ 15:37-ൽ പറഞ്ഞിരിക്കുന്നത്. [29]2 ശമുവേൽ 17:27. അവനായിരുന്നു മെഫീബോശെത്തിനെ താമസിപ്പിച്ചത്. [30]ഞാൻ ഇതു പ്രസംഗിക്കുമ്പോൾ, സാധാരണ ചിരിച്ചുകൊണ്ടു ഞാൻ ആ പോയിന്റു പറയും, "ഞാൻ ഈ കാര്യത്തിൽ വളരെ ഗഹനമായതുകൊണ്ട്, *ഈ* ഇടവക അത്തരമൊന്നായിരിക്കും എന്നു ഞാൻ കരുതുന്നു. നിങ്ങൾ ഞങ്ങളുടെ ഭാഗമാകുമെന്നാണ് ഞങ്ങൾ ആത്മാർത്ഥമായി ആശിക്കുന്നു. അതു നിങ്ങളുടെ ജീവിതത്തെ അനുഗ്രഹിക്കുമെന്ന് ഞാൻ കരുതുന്നു."

# ദാവീദിന്റെ കുട്ടി മരിച്ചപ്പോൾ

## 2 ശമുവേൽ 12:15-24

ദാവീദ് ബത്ത്ശേബയുമായി പാപം ചെയ്തശേഷം, നാഥാൻ ദാവീദിനെ കണ്ടു പറഞ്ഞു, "നീ മരിക്കയില്ല. എങ്കിലും, നീ ഈ പ്രവൃത്തിയിൽ യഹോവയുടെ ശത്രുക്കൾ ദൂഷണം പറവാൻ ഹേതു ഉണ്ടാക്കിയതുകൊണ്ട്, നിനക്കു ജനിച്ചിട്ടുള്ള കുഞ്ഞ് മരിച്ചുപോകും"[1] (2 ശമുവേൽ 12:13, 14). നാഥാൻ പോയ ഉടനെ, നഴ്സറിയിൽ നിന്ന് ഒരു കുഞ്ഞിന്റെ[2] കരച്ചിൽ കേൾക്കുകയും, ആ കരച്ചിൽ ദാവീദിന്റെ അസ്ഥികളിലേക്കു ഇറങ്ങുകയും ചെയ്തു. "ഊരീയാവിന്റെ ഭാര്യ ദാവീദിന്നു പ്രസവിച്ച കുഞ്ഞിനെ[3] യഹോവ ബാധിച്ചു, അതിന്നു കഠിന രോഗം പിടിച്ചു" (വാ. 15).

കുഞ്ഞുങ്ങൾക്കു രോഗം ഉണ്ടാകും; കുഞ്ഞുങ്ങൾ മരിക്കയും ചെയ്യും. ആ സത്യമല്ല നാം ചിന്തിക്കുവാൻ ആഗ്രഹിക്കുന്നത്; ആ സത്യമല്ല നാം നേരിടുവാൻ ഇഷ്ടപ്പെടുന്നത്; എന്നാൽ തന്നെയും അതു സത്യമാണ്. സെമിത്തേരിയിലെ ചില കല്ലറകൾ നീളം കുറഞ്ഞതാണ്. ജനിച്ചപ്പോൾ തന്നെ മരിച്ച ശിശുക്കളുടെ ശവസംസ്ക്കാര ശുശ്രൂഷയിൽ ഞാൻ പ്രസംഗിച്ചിട്ടുണ്ട്. ചിലപ്പോൾ മരണനിയോഗം (എബ്രായർ 9:27) ജീവിതത്തിൽ താമസിച്ചുവരുന്നതിനു പകരം നേരത്തെ വരുന്നു.

### ഒരു കുഞ്ഞിനു രോഗമുണ്ടായി മരിക്കുമ്പോൾ, അതിനു ഒരു കാരണം ഉണ്ടാകാം

ദൈവത്തിന്റെ ലക്ഷ്യങ്ങൾ എല്ലാം നമുക്കു മനസ്സിലാക്കുവാൻ സാധ്യമല്ല; "പറുദീസ പ്രകാശമാക്കുവാനായി അവനെ വേണം അതുകൊണ്ടാണ് നിങ്ങളുടെ കുഞ്ഞിനെ ദൈവം വിളിച്ചത്" എന്ന്, നമുക്ക് തീർച്ചയോടെ പറയുവാൻ സാധ്യമല്ല. ചിലപ്പോൾ ഒരു കുഞ്ഞിന്റെ മരണം പാപ-രോഗം ഉള്ള ലോകത്തിൽ ജീവിക്കുന്നതിന്റെ ഫലമായ, അർത്ഥമില്ലാത്ത ഒന്നാകാം. നമ്മുടെ വേദഭാഗം പറയുന്നതു, എങ്ങനെയായാലും, ചിലപ്പോൾ അതിനു ഒരു കാരണം ഉണ്ടാകും എന്നാണ്. അതെന്താണെന്ന് എല്ലായ്പ്പോഴും നമുക്കറിയില്ല, എന്നാൽ ചിലപ്പോൾ ദൈവത്തിന് ഒരു കാരണം ഉണ്ട്.

ദാവീദിന്റെ സംഭവത്തിലെ പോലെ, ചിലപ്പോൾ, മാതാപിതാക്കളുടെ ഭാഗത്തുള്ള പാപം ആയിരിക്കാം കാരണം. അത് ന്യായമല്ല, എന്നാൽ അതു ജീവിതത്തിന്റെ ഒരു ഭാഗമാണ്. ഓരോദിവസവും മറ്റുള്ളവരുടെ അകൃത്യം നിമിത്തം പലപ്പോഴും കഷ്ടതയേൽക്കുന്ന നിരപരാധികളെ കുറിച്ചു നാം ഓർക്കുന്നു. മാതാപിതാക്കൾ തെറ്റിപ്പോകുന്നതു കാരണം, കുഞ്ഞുങ്ങൾ എയിഡ്സ് രോഗികളായോ, ചെറുപ്പത്തിലേ മയക്കുമരുന്നിനോ മദ്യപാനത്തിനോ അടിമപ്പെട്ടവരായോ ആയിതീരുന്നു. "എന്റെ കുഞ്ഞിന് മരണം നൽകിക്കൊണ്ട് ദൈവം എന്തിന് എന്നെ ശിക്ഷിക്കുന്നു?" എന്നു നിങ്ങൾ സ്വയം കുറ്റപ്പെടുത്തി ചോദിക്കുവാനല്ല ഞാൻ ഇതു പറഞ്ഞത്. അത്തരം ചോദ്യങ്ങൾക്ക് ഒട്ടും വിലയില്ല.

ഞാനാ സാധ്യത സൂചിപ്പിക്കുവാൻ കാരണം ചിലപ്പോൾ അതു സത്യമാണ് എന്നതുകൊണ്ടു മാത്രമാണ്.

ചിലപ്പോൾ മരിക്കുന്ന കുഞ്ഞിന് ആ മരണം ഒരു അനുഗ്രഹമായി തീരാം. ആ കുഞ്ഞ് ജീവിച്ചിരുന്നാൽ, അതിന് ഗൗരവമായ ശാരീരിക വിഷമതകളോ മറ്റോ ഉണ്ടായേക്കാം. ദാവീദിന്റെ കുഞ്ഞിനെ മരിക്കുവാൻ ദൈവം അനുവദിച്ചതു ദാവീദിന്റെ പാപം ഒരിക്കൽ അറിയപ്പെട്ടാൽ, ആ കുഞ്ഞിന് എന്നും അപമാനം സഹിക്കേണ്ടി വരുമായിരുന്നു എന്നതുകൊണ്ടാണ് എന്നു പറയപ്പെടുന്നു. നിയമരഹിതമായി ജനിക്കുന്ന ഒരു കുഞ്ഞ് "ഒരു ജാരസന്തതി," അക്കാലത്ത് ഒരു വലിയ സംഭവമായിരുന്നു. ദൈവമനസ്സിൽ ഇതായിരുന്നോ അതോ മറ്റെന്തെങ്കിലും ആയിരുന്നോ എന്ന് നമുക്കറിയില്ല - ദൈവമനസ്സ് നമുക്ക് അറിയാൻ കഴിയില്ല (യെശയ്യാവ് 55:8, 9) - എന്നാൽ ചിലപ്പോൾ ഒരു ശിശുവിന്റെ മരണം വാസ്തവത്തിൽ "ഏറ്റവും നല്ലതിനാണ്" എന്നു നമുക്കറിയാം.

### ഒരു കുഞ്ഞിനു രോഗം വരുമ്പോൾ, നാം ഉറ്റിരുന്നു പ്രാർത്ഥിക്കേണ്ടതുണ്ട്

അവന്റെ കുഞ്ഞിനു രോഗം വന്നപ്പോൾ ...

> ദാവീദ് കുഞ്ഞിന്നുവേണ്ടി ദൈവത്തോട് അപേക്ഷിച്ചു; ദാവീദ് ഉപവസിക്കയും അകത്തുകടന്നു രാത്രി മുഴുവനും നിലത്തു[4] കിടക്കയും ചെയ്തു. അവന്റെ ഗൃഹപ്രമാണികൾ അവനെ നിലത്തുനിന്നു എഴുന്നേല്പിപ്പാൻ ഉത്സാഹിച്ചുകൊണ്ടു അരികെ നിന്നു, എന്നാൽ അവന്നു മനസ്സായില്ല അവരോടു കൂടെ ഭക്ഷണം കഴിച്ചതുമില്ല (12:16, 17).

ഏഴു രാവും പകലും ദാവീദ് തന്റെ ഹൃദയം ദൈവത്തിലേക്കു പകർന്നു, ആഹാരമില്ലാതെ, കുഞ്ഞിനെ രക്ഷിക്കുവാൻ ദൈവത്തോട് അപേക്ഷിച്ചുകൊണ്ടിരുന്നു. ദൈവം ആ കുഞ്ഞ് മരിക്കുമെന്ന് പറഞ്ഞുകഴിഞ്ഞ സ്ഥിതിക്ക്, അവനെന്തിനാണ് അങ്ങനെ ചെയ്തത്? കാരണം ഒരുപക്ഷെ ദൈവം തന്റെ കോപം കുറക്കുമെന്ന് അവൻ പ്രതീക്ഷിച്ചിരിക്കാം (12:22). എല്ലാത്തിനുമുപരിയായി, അവൻ പാപം നിമിത്തം മരണശിക്ഷക്ക് കുറ്റക്കാരനാകുകയും ചെയ്തു, എന്നാൽ ദൈവം അവനെ ശേഷിപ്പിച്ച്, പറയുന്നു, "നീ മരിക്കുകയില്ല" (12:13).

ഒരു കുഞ്ഞിനു എന്തു സംഭവിച്ചാലും, സാഹചര്യം എത്ര ആശാരഹിതം ആയി തോന്നിയാലും, പ്രാർത്ഥനയാണ് എപ്പോഴും ശരിയായത്; കാരണം നമ്മുടെ ദൈവം കരുണയുള്ള ദൈവമാണ് (12:22).

### ഒരു കുഞ്ഞ് മരിക്കുമ്പോൾ, നമ്മുടെ ജീവിതത്തിന്റെ ഭാഗങ്ങൾ എടുത്ത് തുടരേണ്ട സമയമാണ്

ദൈവം തന്റെ മക്കളുടെ പ്രാർത്ഥനക്ക് എല്ലായ്പ്പോഴും മറുപടി നൽകും, എന്നാൽ ചിലപ്പോൾ ഉത്തരം "ഇല്ല" എന്നായിരിക്കും. അതു പഠിക്കുവാൻ പ്രയാസമുള്ള ഒരു പാഠമാണ്, എന്നാൽ നാം അതു പഠിക്കുക തന്നെ വേണം. ദാവീദ് ഹൃദയം നുറുങ്ങി കേണപേക്ഷിച്ചു പ്രാർ ത്ഥിച്ചുവെങ്കിലും, ഏഴു ദിവസത്തെ വിഷമങ്ങൾക്കുശേഷം, ആ കുഞ്ഞ് മരിച്ചുപോയി. അതു സംഭവിച്ച

പ്പോൾ, ദാവീദിന്റെ ഭൃത്യന്മാർ ആ വാർത്ത അവനെ അറിയിക്കുവാൻ ഭയപ്പെട്ടു. അവർ വ്യക്തമാക്കിയത്, "കുഞ്ഞു ജീവനോടിരുന്ന സമയം, നാം സംസാരിച്ചിട്ടു അവൻ നമ്മുടെ വാക്കു കേട്ടില്ല. പിന്നെ കുഞ്ഞു മരിച്ചുപോയി എന്നു നാം അവനോടു എങ്ങനെ പറയും, അവൻ തനിക്കുതന്നേ വല്ല കേടും വരുത്തും!" (12:18)

തന്റെ ഭൃത്യന്മാർ പിറുപിറുക്കുന്നതു ദാവീദു കണ്ടപ്പോൾ, കുഞ്ഞു മരിച്ചുപോയി എന്ന് അവൻ മനസ്സിലാക്കി. അതു വാസ്തവമാണെന്നു തന്റെ ഭൃത്യന്മാർ ഉറപ്പാക്കിയപ്പോൾ, ഉടനെ ദാവീദു ചെയ്തതു അവരെ അത്ഭുതപ്പെടുത്തി. "ഉടനെ ദാവീദ് നിലത്തുനിന്നു എഴുന്നേറ്റു, കുളിച്ചു, തൈലം പൂശി, വസ്ത്രം മാറി; യഹോവയുടെ ആലയത്തിൽ ചെന്നു നമസ്ക്കരിച്ചു. പിന്നെ അരമനയിൽ വന്നു, അവന്റെ കല്പനപ്രകാരം അവർ ഭക്ഷണം അവന്റെ മുമ്പിൽ വെച്ചു, അവൻ ഭക്ഷിച്ചു" (12:20). ഇന്നു നാം പറയും, "അവൻ എഴുന്നേറ്റു, കുളിച്ചു വസ്ത്രം മാറി, പ്രാതൽ കഴിച്ചു, ഓഫീസിലേക്കു പോയി." ദാവീദിനു കുഞ്ഞിനെ തിരിച്ചു കൊണ്ടുവരുവാൻ കഴിഞ്ഞില്ല (വാ. 23). നീണ്ട വിലാപം അവന്റെ മകനെ രക്ഷിക്കുവാൻ സഹായിച്ചില്ല; അതു ദാവീദിനെ വൃണപ്പെടുത്തുക മാത്രമേ ചെയ്തുള്ളൂ. എങ്ങനെ വിഷമിച്ചാലും, തന്റെ ജീവിതവുമായി മുന്നോട്ടു തുടരേണ്ട സമയം ആയിരുന്നു അത്.

**ഒരു കുഞ്ഞ് മരിക്കുമ്പോൾ,**
**നാം സ്വർഗ്ഗീയ പുനഃസംഗമത്തിനു ഒരുങ്ങണം**

അമ്പരന്നുപോയ ദാവീദിന്റെ ഭൃത്യന്മാർ അവനോടു ചോദിച്ചു, "നീ ഈ ചെയ്തിരിക്കുന്നതെന്ത്? കുഞ്ഞ് ജീവനോടിരുന്ന സമയം, നീ അവനുവേണ്ടി ഉപവസിച്ചു കരഞ്ഞു; കുഞ്ഞ് മരിച്ചശേഷം, നീ എഴുന്നേറ്റ് ഭക്ഷണം കഴിച്ചുവല്ലൊ" (12:21). ദാവീദിന്റെ ഉത്തരം ശ്രദ്ധേയമായ ഒന്നാണ്:

> കുഞ്ഞ് ജീവനോടിരുന്ന സമയം, ഞാൻ ഉപവസിച്ചു കരഞ്ഞു; ഞാൻ വിചാരിച്ചു, "കുഞ്ഞ് ജീവിച്ചിരിക്കേണ്ടതിനു, ദൈവം എന്നോട് ദയ ചെയ്യുമോ ഇല്ലയോ, ആർക്കറിയാം." ഇപ്പോഴോ അവൻ മരിച്ചുപോയി; ഇനി ഞാൻ ഉപവസിക്കുന്നതെന്തിന്? അവനെ മടക്കി വരുത്തുവാൻ എനിക്കു കഴിയുമോ? ഞാൻ അവന്റെ അടുക്കലേക്കു പോകയല്ലാതെ, അവൻ എന്റെ അടുക്കലേക്കു മടങ്ങിവരികയില്ലല്ലോ (12:22, 23).

തിരുവെഴുത്തിൽ വ്യക്തമായി പറയുന്ന ഒന്നുണ്ടെങ്കിൽ, അത് ഒരു കുഞ്ഞ് മരിക്കുമ്പോൾ, ആ കുഞ്ഞ് സ്വർഗ്ഗത്തിൽ പോകും എന്നതാണ് (മത്തായി. 18:3; 19:14). ഈ ഭൂമിയിൽവെച്ച് തങ്ങളുടെ കയ്യിൽ നിന്നു കുഞ്ഞുങ്ങൾ നഷ്ടപ്പെട്ട മാതാപിതാക്കൾ അവസാനം ഒരു ദിവസം സ്വർഗ്ഗത്തിൽ വച്ചു തന്റെ കുഞ്ഞുങ്ങളോടു അത്ഭുതകരമായി ഒന്നിക്കുന്ന രംഗം നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുമോ?[5] എങ്ങനെയായാലും, ഒരു "പിടുത്തം" ഉണ്ട്. എന്റെ വിലയേറിയ കുഞ്ഞുമായി ഞാൻ വീണ്ടും ഒത്തുചേരേണ്ടതുണ്ടെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ പോകേണ്ടതായിട്ടുണ്ട്. ഞാൻ അതിനു തയ്യാറായോ? നിങ്ങൾ അതിനു തയ്യാറായോ?

വാസ്തവത്തിൽ, ദാവീദു പറഞ്ഞു, "എനിക്കവനെ തിരിച്ചുകൊണ്ടുവരു

വാൻ സാധ്യമല്ല, എന്നാൽ ഇത് എനിക്കുചെയ്യുവാൻ *കഴിയും*: എനിക്കു അവന്റെ അടുക്കലേക്കു പോകാം."[6] കുഞ്ഞുങ്ങൾ നഷ്ടപ്പെടുന്ന ഓരോ രക്ഷ കർത്താവിന്റേയും തീരുമാനം ഇതായിരിക്കട്ടെ എന്നാണ് എന്റെ പ്രാർത്ഥന.

### ഒരു കുഞ്ഞ് മരിക്കുമ്പോൾ, നാം എല്ലാം ദൈവകരങ്ങളിൽ ഏല്പിക്കേണ്ടതാകുന്നു

ദാവീദിനു വേണമെങ്കിൽ ദേഷ്യപ്പെട്ടു കയ്പ്പുള്ളവനാകാമായിരുന്നു. അവനു ദൈവത്തെ പഴിക്കാമായിരുന്നു. അവനു ദൈവവുമായി സംവാദത്തിൽ ഏർപ്പെടാമായിരുന്നു. പകരം, "അവൻ ദൈവ[7]ഗൃഹത്തിലേക്കു പോയി അവനെ നമസ്ക്കരിച്ചു" (12:20). കാര്യങ്ങൾ ശരിയാക്കുവാൻ നമ്മെ സഹായിക്കുന്ന തിന് ദൈവത്തിനു മാത്രമേ കഴിയൂ.

മുൻപു നാം കണ്ടതുപോലെ, ദൈവമനസ്സ് നമുക്കറിയില്ല. ഇപ്പോൾ നമുക്കു ഊഹിക്കുവാൻ പോലും പറ്റാത്ത അത്ഭുതകരമായ പലതും ദൈവം നമുക്കായി സൂക്ഷിച്ചുവെച്ചിരിക്കാം. ദാവീദിന്റെ സംഭവത്തിൽ, ദൈവം അവന് മറ്റൊരു സന്തതിയെ കൊടുത്തു - ശലോമോൻ എന്നു പേരുള്ള ഒരു അത്ഭുത സന്ത തിയെ നൽകി.

> പിന്നെ ദാവീദ് തന്റെ ഭാര്യയായ ബത്ത്-ശേബയെ ആശ്വസിപ്പിച്ചു, അവളുടെ അടുക്കൽ ചെന്നു അവളോടുകൂടെ ശയിച്ചു; അവൾ ഒരു മകനെ പ്രസവിച്ചു, അവൻ അവന്നു ശലോമോൻ എന്നു പേരിട്ടു. യഹോവ അവനെ സ്നേഹിച്ചു അവൻ നാഥാൻ പ്രവാചകനെ നിയോ ഗിച്ചു, അവൻ യഹോവയുടെ പ്രീതി നിമിത്തം അവന്നു യെദീദ്യാവു [ദൈവത്തിന്നു സ്നേഹമുള്ള] എന്നു പേർ വിളിച്ചു (12:24, 25).

ഒരുപക്ഷെ, നിങ്ങൾക്കും, മറ്റൊരു കുഞ്ഞുണ്ടാകാം; അല്ലെങ്കിൽ ഇല്ലായി രിക്കാം. എന്തുതന്നെ സംഭവിച്ചാലും, നിങ്ങൾ ദൈവത്തോട് അടുത്തു ജീവി ക്കുക എന്നതാണ് പരമപ്രധാനം. നിങ്ങൾ അങ്ങനെ ചെയ്താൽ, നിങ്ങളുടെ ജീവിതത്തെ അവൻ അനുഗ്രഹിക്കും. തീർച്ചയായും അവൻ അങ്ങനെ ചെയ്യും.

---

കുറിപ്പുകൾ

[1]കുഞ്ഞിന്റെ മരണം ദാവീദിന്റെ പാപത്തെ കുറിച്ചു അവിശ്വാസികൾ അറിയു വാൻ ഇടയായ വസ്തുതയുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു (അല്ലെങ്കിൽ അറിയ പ്പെട്ടേക്കാം). ദാവീദിന്റെ പ്രവൃത്തികളെ ദൈവം അംഗീകരിച്ചില്ല എന്നുള്ളത് കാണി ക്കുവാൻ ഒരു പെട്ടെന്നുള്ള ദൃശ്യമായ അടയാളം ആവശ്യമായിരുന്നു എന്നതാകാം ഉദ്ദേശ്യം. [2]ചിലർ ആ കുഞ്ഞിന്റെ പ്രായം മൂന്നുമാസമായി കണക്കാക്കുന്നു. [3]നമു ക്കൊരിക്കലും അറിയുവാൻ പറ്റാത്ത മർമ്മങ്ങൾ ദൈവകരുണയിൽ ഉണ്ട്. 2 ശമുവേൽ 12:10–14 ലെ മറ്റു പ്രവചനങ്ങൾ എല്ലാം പാപം ചെയ്ത വ്യക്തികളുടെ ഉദ്ദേശങ്ങളാൽ നിറവേറപ്പെട്ടു. ഉദാഹരണമായി, ദൈവം പറഞ്ഞു, "ഞാൻ ... നിന്റെ ഭാര്യമാരെ എടുത്ത് ... അവരെ നിന്റെ കൂട്ടുകാർക്കു നൽകും" (വാ. 11). എങ്ങനെയായാലും, ദൈവം, അതു നേരിട്ടു ചെയ്തില്ല; മറിച്ച്, ദാവീദ് യെരുശലേമിലേക്ക് ഓടിപ്പോയ പ്പോൾ അബ്ശാലോം അതു ചെയ്തു. ദൈവം ഭാവിയിലേക്കു നോക്കി, പിന്നെ

അബ്ശാലോമിനെ അതു ചെയ്യുവാൻ *അനുവദിച്ചു*. പിന്നെ എങ്ങനെ ആ കുഞ്ഞിനെ ദൈവം രോഗിയാക്കി "വീഴ്ത്തി?" അത് അവൻ സ്വയം ചെയ്തതാണോ – അല്ലെങ്കിൽ നവജാതശിശുക്കളെ കൊന്നുകൊണ്ടിരുന്ന അന്ന് നിലവിലുണ്ടായിരുന്ന പൊതുവായ രോഗങ്ങളിൽ ഒന്നിനെ സ്വാഭാവികമായി അനുവദിച്ചതാണോ? നമുക്ക് ഒരിക്കലും അറിയാൻ കഴിയുകയില്ല. എങ്ങനെയായാലും, ദൈവശ്വാസിയ എഴുത്തുകാരൻ നാം അറിയണമെന്ന് ആഗ്രഹിച്ചത് എന്തെന്നാൽ, അതു ദാവീദിന്റെ പാപത്തിനുള്ള ദൈവീക ശിക്ഷയായിരുന്നു എന്നത്രേ. [4]ഒരുപക്ഷെ ദാവീദ് നിയമപെട്ടകം വെച്ചിരുന്ന കൂടാരത്തിന്റെ മുൻപിലുള്ള തറയിലായിരിക്കാം കിടന്നത്. [5]സ്വർഗ്ഗത്തിലെ നമ്മുടെ ബന്ധങ്ങൾ ഭൂമിയിലേതുപോലെതന്നെ ആയിരിക്കയില്ല (മത്തായി 22:30), എന്നാൽ ബൈബിൾ നമ്മെ പഠിപ്പിക്കുന്നത് സ്വർഗ്ഗത്തിലും നമ്മൾ ഭൂമിയിലെ "നാം" ആയിരിക്കുമെന്നും അന്യോന്യം തിരിച്ചറിയുമെന്നുമാണ്. നമുക്ക് ഊഹിക്കുവാൻ പോലും കഴിയാത്ത ഒരു ആത്മീയ അവസ്ഥയിൽ – ഞാൻ ചിത്രീകരിച്ച ഒരു രംഗവും – ഇതുപോലെ തോന്നിപ്പിക്കുന്നതാണ്. [6]പല വ്യാഖ്യാതാക്കളും വിശ്വസിക്കുന്നതു ദാവീദു, "എനിക്കവനെ കല്ലറയിൽ നിന്ന് തിരികെ കൊണ്ടുവരുവാൻ സാധ്യമല്ല, എന്നാൽ ഒരു ദിവസം ഞാൻ കല്ലറയിൽ അവനോടു ചേരും" എന്നു പറഞ്ഞതായിട്ടാണ്. ആ ചിന്ത എന്നെ സംബന്ധിച്ച് ആശ്വസിപ്പിക്കുന്നതിനു പകരം കൂടുതൽ നിരാശപ്പെടുത്തുന്നതാണ് എങ്കിലും, ഒരുപക്ഷെ അതു ശരിയായിരിക്കാം. ഈ ജീവിതത്തിനപ്പുറമായ ജീവിതത്തെ മനസ്സിലാക്കുന്ന പുതിയ നിയമത്തോടൊപ്പം ഈ വേദഭാഗം വായിച്ചാൽ നമുക്ക് ആ വേദഭാഗം കുഴപ്പമൊന്നും വരുത്തുമെന്നു ഞാൻ കരുതുന്നില്ല. [7]ഒരുപക്ഷെ ദാവീദ് പ്രവേശിച്ച സ്ഥലം യെരുശലേമിൽ നിയമ പെട്ടകം വെച്ചിരുന്ന കൂടാരമായിരുന്നേക്കാം, എന്നാൽ കൂടുതൽ സാധ്യത ഗിബെയോനിൽ അപ്പോഴും ഉണ്ടായിരുന്ന സമാഗമനകൂടാരം ആയിരിക്കുവാനാണ്.